# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഷൊർണ്ണൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P22/603/2023 dt.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഷൊർണ്ണൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഇ മെയിൽ മുഖേന)
2.ഡയറക്ടർ,നഗരകാര്യ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രസഹിതം)
3.ഓഫീസ് പകർപ്പ്

നമ്പർ: No.KSA PKD-P22/603/2023 dt. തീയ്യതി: 18/04/2023

## പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-07-2022 മുതൽ 04-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.അരവിന്ദാക്ഷൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 15-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-03-2023 | 15-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.കെ.ആർ.പ്രകാശ് ബാബു,ഓഡിററ് ഓഫീസർ (ഹ.ഗ്രേഡ്)
2.ശ്രീ.കെ.പി.രാമകൃഷ്ണൻ,അസി.ഓഡിറ്റ് ഓഫീസർ
3.ശ്രീമതി.എം.വി.ബീന,സീനിയർ ഗ്രേഡ് ഓഡിറ്റർ
4.ശ്രീമതി.സി.എസ്.അനില,സീനിയർ ഗ്രേഡ് ഓഡിറ്റർ
5.ശ്രീമതി.വി.ആർ ഷീജ,സീനിയർ ഗ്രേഡ് ഓഡിറ്റർ
6.ശ്രീമതി.ടി.കെ.അശ്വിനി,ഓഡിറ്റർ
7.ശ്രീ.കെ.വി.സന്ദീപ്,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം.കെ.ജയപ്രകാശ് | ചെയർമാൻ | 01-04-2021 | 31-03-2022 |
| പ്രമോദ് കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആഷിഫ് എം.എ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഷിബി.എൽ | കൃഷി ഫീൽഡ് ഓഫീസർ | 01-04-2021 | 31-03-2022 |
| മനോജ് കുമാർ എസ് | പട്ടികജാതി വികസന | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| നിമിഷമോൾ വി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ഗീത വി | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. അശ്വതി പുരുഷോത്തമം | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| മനോജ് പി | പ്രിൻസിപ്പാൾ ജി.എച്ച് എസ്.എസ് | 01-04-2021 | 31-03-2022 |
| ഡോ.രാജേഷ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| സുചിത്ര എസ് | പ്രോജക്ട് ഓഫീസർ,ദാരിദ്ര്യ നിർമ്മാർജ്ജനം | 01-04-2021 | 31-03-2022 |
| സുരേഷ് ബാബു വി.പി | ഹെൽത്ത് സൂപ്പർവൈസർ | 01-04-2021 | 30-06-2021 |
| വിസ്മൽ ഇ.പി | ഹെൽത്ത് സൂപ്പർവൈസർ | 01-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക - അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക അവലോകനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽ നികുതി പിരിവ് - അപാകതകൾ | 1-11 |
| 13 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-11-1 |
| 14 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11-2 |
| 15 | ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല | 1-11-3 |
| 16 | റേഷൻകടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്യേണ്ടതാണ് | 1-11-4 |
| 17 | ലൈസൻസ് നൽകൽ- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-12 |
| 18 | ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ് | 1-12-1 |
| 19 | വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്നതിന് ഫീസ് ചുമത്തിയിട്ടില്ല | 1-12-2 |
| 20 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച അനധികൃത കെട്ടിടങ്ങൾക്ക് തെറ്റായി വസ്തുനികുതി നിർണ്ണയം നടത്തി, കുടിശ്ശിക തുക ഈടാക്കിയിട്ടില്ല. | 1-13 |
| 21 | പത്ത് വർഷത്തിൽ താഴെ പഴക്കമുള്ള മൊബൈൽ ടവറുകൾക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ് നൽകി. | 1-14 |
| 22 | 60 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിരിക്കുന്നു. | 1-15 |
| 23 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-16 |
| 24 | വസ്തു നികുതി കുടിശ്ശിക 75,34,567 /-രൂപ ഈടാക്കാൻ അവശേഷിക്കുന്നു. | 1-17 |
| 25 | ചരക്ക്സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി വിനോദ നികുതി ഈടാക്കുന്നില്ല. | 1-18 |
| 26 | വാടക ഈടാക്കുന്നതിലുള്ള അപാകതകൾ | 1-19 |
| 27 | ഒഴിഞ്ഞു കിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകേണ്ടതാണ് | 1-19-1 |
| 28 | എല്ലാ വാടക്കാരുമായും കരാറിൽ ഏർപ്പെട്ടിട്ടില്ല. | 1-19-2 |
| 29 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-19-3 |
| 30 | വാടക രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. | 1-19-4 |

| | | |
|---|---|---|
| 31 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റ് ലേല തുക മുഴുവനായി ഈടാക്കിയിട്ടില്ല | 1-19-5 |
| 32 | ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച തുക നഗരസഭയുടെ തനതുഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ് | 1-20 |
| 33 | അങ്കണവാടി പോഷകാഹാര പദ്ധതി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-21 |
| 34 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് - മുഴുവൻ തുകയും ഉറപ്പുവരുത്തിയിട്ടില്ല | 1-22 |
| 35 | വൃദ്ധജനങ്ങൾക്ക് കട്ടിൽ പദ്ധതി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-23 |
| 36 | എസ്.സി വിദ്യാർത്ഥികളുടെ പഠന മുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-24 |
| 37 | ഹെൽത്ത് സൂപ്പർ വൈസർ - ഗുണഭോക്തൃവിഹിതം നൽകിയത് -ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല | 1-25 |
| 38 | ബയോ കംപോസ്റ്റർ ബിൻ പ്രൊജക്റ്റ് - ഗുണഭോക്തൃവിഹിതം- മുഴുവൻ പേരും അടവാക്കിയില്ല | 1-26 |
| 39 | കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-27 |
| 40 | മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-28 |
| 41 | തെരുവു വിളക്ക് മെയിന്റനൻസ്- അധിക നിരക്കിൽ ജി.എസ്.ടി തുക നൽകി | 1-29 |
| 42 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി | 1-30 |
| 43 | ടൌൺഹാൾ പൂർത്തീകരണം നടപടിക്രമങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസിയെ ഏല്പിച്ചു. | 1-31 |
| 44 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-32 |
| 45 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യത വർദ്ധിക്കുന്നു.. | 1-33 |
| 46 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-34 |
| 47 | പ്രത്യേക കന്നുകട്ടി പരിപാലനം- പദ്ധതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-35 |
| 48 | പദ്ധതിയിൽനിന്നും ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക തിരികെ ലഭിച്ചിട്ടില | 1-35-1 |
| 49 | ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങുന്നത് വ്യക്തിഗത നാൾവഴി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1-35-2 |
| 50 | സ്റ്റോക്ക് രജിസ്റ്ററും വ്യക്തിഗതനാൾവഴി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല/സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-35-3 |
| 51 | ചെലവുരേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു | 1-36 |
| 52 | ജലധാര പദ്ധതി - രേഖകൾ ഹാജരാക്കാത്തവർക്കും സബ്സിഡി അനുവദിച്ചു | 1-37 |
| 53 | അഗതിരഹിതകേരളം പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-38 |
| 54 | ആശ്രയയുടെ അക്കൗണ്ടിലെ ചെലവഴിക്കാത്ത തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്. | 1-39 |
| 55 | പി എം എ വൈ ഭവന പദ്ധതി - ചെലവു സ്റ്റേറ്റ്മെന്റിൽ മുഴുവൻ ചെലവും ഉൾപ്പെട്ടിട്ടില്ല | 1-40 |
| 56 | പി എം എ വൈ ഭവനനിർമ്മാണം - പണി പൂർത്തിയാക്കിയിട്ടില്ല | 1-41 |
| 57 | എൻ .യു.എൽ. എം പദ്ധതി അവലോകനം | 1-42 |
| 58 | അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി - അവലോകനം | 1-43 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകൾ- സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

22.02.2021 തിയതിയിലെ തീരുമാനം 1(1) പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 14056964.00 |
| വരവ് | 478045304.00 |
| ആകെ | 492102268.00 |
| ചെലവ് | 333035798.00 |
| നീക്കിയിരുപ്പ് | 159066470.00 |

26.03.2022 ലെ 1(2) നം. തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റിലെ തുകകളും യഥാർത്ഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ചെലവിനങ്ങളുടെ ആവശ്യകതയും മിതത്വവും അളവും കൃത്യമായി കണക്കാക്കി, ഒരോ ചെലവും ചെയ്യുമ്പോൾ ആയത് ബജറ്റിനനുസൃതമായിട്ടാണോയെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31.07.2022 | 30.07.2022 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രിക - അപാകങ്ങൾ

2021-22 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ.

1) ലൈസൻസ്, തൊഴിൽ നികുതി, വിനോദ നികുതി എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) വസ്തുനികുതി (തൻവർഷം & കുടിശ്ശിക) - സഞ്ചയ ഡാറ്റ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) വാടക, ബസ് സ്റ്റാൻഡ് ഫീസ്, കംഫർട്ട് സ്റ്റേഷൻ വരവ് എന്നീയിനത്തിലുള്ള തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) പെർമിറ്റ് ഫീസ്- ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

5) ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ ബാലൻസ് ഷീറ്റിലെ B7-ഷെഡ്യൂളിലെ ഡെപ്പോസിറ്റ് നീക്കിയിരിപ്പ് 15717646രൂപയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

6) അഡ്വാൻസ് രജിസ്റ്ററിൽ വർഷം തിരിച്ചുള്ള കണക്കിന്റെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ AFSലെ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

7) വാർഷിക ധനകാര്യ പത്രിക B6 ഷെഡ്യൂൾ പ്രകാരം സ്റ്റേറ്റ് ഗവൺമെന്റ് ലോൺ 29700 രൂപ തിരിച്ചടവാക്കുവാൻ ശേഷിക്കുന്നുണ്ടെങ്കിലും വിശദാംശം ലഭ്യമല്ല.

8) സചിത്ര സോഫ്റ്റ് വെയർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത ഉറപ്പു വരുത്തിയിട്ടില്ല.

9) നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല
വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ആരംഭിച്ച താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകൾ നിലവിൽ ഇടപാടുകൾ നടത്താതെ നിഷ്ക്രിയമായി ശേഷിക്കുന്നുണ്ട്. ബാങ്ക് അക്കൗണ്ടുകളിൽ പലിശ വരവ് / ബാങ്ക് ചാർജ്ജ് മാത്രമാണ് ഉള്ളത്.

| ബാങ്ക്/ ട്രഷറി | അക്കൗണ്ട് നം | 31.03.22 |
|---|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക്-വിവേകാനന്ദ സ്റ്റാച്യൂ | 4302000100090892 | 1986322 |
| സബ് ട്രഷറി, ഷൊർണ്ണൂർ | 721081400000001 | 45364 |
| പാലക്കാട് ഡിസ്ട്രിക്ട് കോ ഓപ്പറേറ്റീവ് ബാങ്ക് | 01701020000065 | 1923 |
| എസ് ബി ഐ Sand | 30570420986 | 466687 |
| എസ് ബി ഐ MN ലക്ഷംവീട് | 30698536690 | 454021 |
| പഞ്ചാബ് നാഷണൽ ബാങ്ക്-ആണ്ടിക്കുന്ന് കുടിവെള്ള പദ്ധതി | 4302001100000043 | 1616351 |
| എസ് ബി ഐ- ഐ എച്ച് എസ് ഡി പി | 30883445453 | 42898 |
| എസ് ബി ഐ-ബി ആർ ജി എഫ് | 30425655293 | 516579 |
| എസ് ബി ടി- സെൻസസ് | 67123741385 | 145934 |
| എസ് ബി ഐ- ഐ എൽ സി എസ് | 67186445928 | 3622 |
| പഞ്ചാബ് നാഷണൽ ബാങ്ക് ഐ എൽ സി എസ് | 4302001100000034 | 665829 |
| കേരള ഗ്രാമീൺ ബാങ്ക് | 40284100104250 | 1374631 |

10)പഞ്ചാബ് നാഷണൽ ബാങ്ക്, കുളപ്പുള്ളി ശാഖയിലെ 4302000100103758 നം. അക്കൗണ്ടിൽ 31.03.22-ൽ 2668452രൂപയും 09.12.22-ൽ 2724244രൂപയും നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ട് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

11) വാർഷിക ധനകാര്യപത്രിക പ്രകാരം AUEGS- ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് തുക 2087812 രൂപയാണ്. ക്യാഷ് ബുക്കിൽ വരവ് ചെലവുകളുടെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുകയോ റിക്കൺസിലിയേഷൻ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

12) വാട്ടർ അതോറിറ്റിയിലേക്ക് അടക്കേണ്ട വെള്ളക്കരം കുടിശിക തുക ബാലൻസ്ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

മേൽപ്പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/13-03-2023) മറുപടി ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക അവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 54690040.53 |
| വരവ് | 276914108 |
| ആകെ | 331604148.53 |
| ചെലവ് | 260847424 |
| നീക്കിയിരിപ്പ് | 70756724.53 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 25427000 | 25427000 | 25427000 | 0 |
| വികസനഫണ്ട് -എസ്.സി.പി | 0 | 27927667 | 27927667 | 21949477 | 5978190 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 44794529 | 44794529 | 20135146 | 24659383 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 16144155 | 16144155 | 10250039 | 5894116 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New | 0 | 13085000 | 13085000 | 11181260 | 1903740 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 0 | 19627000+ 228916 (ബാങ്ക് പലിശ) | 19855916 | 6514851 +147(ബാങ്ക് ചാർജ്ജ്) =6514998 | 13340918 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്-New | | =19855916 | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 5893640 | 5893640 | 3774869 | 2118771 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 20207715 | 20207715 | 13850312 | 6357403 |

കേന്ദ്രാവിഷ്കൃതം - വിവിധ സ്കീമുകൾ

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വിവിധ സ്കീമുകൾ | 42408708 | 2203961 + 888975(int) | 42324522 | 26037787 | 16286735 |

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| NULM | 8383842 | 105500+ 163507(int) | 8652399 | 8609724 | 42675 |
| MN ലക്ഷം വീട് | 441966 | 12055 (Int) | 454021 | 0 | 454021 |
| ICDS | 2085898 | 1122981+66081 | 3274960 | 870290 | 2403670 |

ബി) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 807212 | 22039674 | 22846886 | 20759297 | 2087589 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 230 | 176917795 | 181 | 124276774 | 0 | 49 | 79 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടെയും നടപ്പാക്കിയ പ്രോജക്ടുകളുടെയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 4388350 | 4388247 | 99.99 |
| വെറ്ററിനറി സർജ്ജൻ | 5 | 4 | 2736250 | 1064735 | 39 |
| മെഡിക്കൽ ഓഫീസർ-ഗവൺമെന്റ് ഹോസ്പിറ്റൽ | 10 | 9 | 5111755 | 4187188 | 82 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 4 | 4 | 3500000 | 3500000 | 100 |
| പ്രോജക്ട് ഓഫീസർ | 3 | 3 | 1006296 | 647607 | 64 |
| പട്ടികജാതി വികസന ഓഫീസർ | 12 | 11 | 16399550 | 10564184 | 64 |
| ഹെൽത്ത് ഓഫീസർ | 16 | 16 | 8593699 | 6912620 | 80 |

| | | | | | |
|---|---|---|---|---|---|
| പ്രിൻസിപ്പൽ ഗവ. ഹയർസെക്കണ്ടറി സ്കൂൾ | 6 | 6 | 4460000 | 4326429 | 97 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 6581000 | 4284228 | 65 |
| മുനിസിപ്പൽ സെക്രട്ടറി | 38 | 34 | 57109862 | 44239917 | 77 |
| മുനിസിപ്പൽ എഞ്ചിനീയർ | 127 | 86 | 67031033 | 40161619 | 60 |
| ആകെ | 230 | 181 | 176917795 | 124276774 | 70 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ പദ്ധതി | 807212 | 22039674 | 22846886 | 20759297 | 2087589 |

തൊഴിലാളികളുടെ കൂലി ഇനത്തിൽ 17122853 രൂപ ചെലവു ചെയ്തിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ വിതരണം ചെയ്ത വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5482200 | 357 |
| വിധവാപെൻഷൻ | 27556300 | 391 |
| വാർദ്ധക്യകാലപെൻഷൻ | 44175700 | 2955 |
| വികലാംഗപെൻഷൻ | 5862400 | 1768 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 4785200 | 304 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-03-2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 265507-/ രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബജറ്റിലെ തുകകളും യഥാർത്ഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ചെലവിനങ്ങളുടെ ആവശ്യകതയും മിതത്വവും അളവും കൃത്യമായി കണക്കാക്കി, ഒരോ ചെലവും ചെയ്യുമ്പോൾ ആയത് ബജറ്റിനനുസൃതമായിട്ടാണോയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

വിവിധ ഡിമാന്റ് രജിസ്റ്ററുകൾ വർഷാവസാനം ക്ലോസ് ചെയ്ത് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സെക്ഷനുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിൽ മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും ശ്രദ്ധിച്ചിട്ടില്ല.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ ഉണ്ടാകാത്തതിനാൽ നഗരസഭയുടെ സാമ്പത്തിക സ്ഥിതി ദൈനംദിന ചെലവുകൾക്കുപോലും പര്യാപ്തമല്ലാത്ത നിലയിൽ തുടരുകയാണ്.
നികുതി-നികുതിയേതര ഇനങ്ങളിലെ ചോർച്ച തടയുന്നതിനും കുടിശ്ശിക ഈടാക്കുന്നതിനും കാര്യക്ഷമമായ ശ്രമം നടത്തിയതായി കാണുന്നില്ല. നഗരസഭയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് മുൻഗണന നൽകുന്ന വിധത്തിൽ വിവിധ സെക്ഷനുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഉന്നതാധികാരികളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൗൺസിലും മുൻകൈ എടുക്കേണ്ടതാണ്.

ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ എണ്ണത്തിലെ കൃത്യതയില്ലായ്മയും വെള്ളക്കരം വർഷങ്ങളായി ഒടുക്കാത്തതും നഗരസഭയ്ക്ക് സൃഷ്ടിച്ചിട്ടുള്ള വൻ സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനുള്ള കാര്യമായ ശ്രമം ഉണ്ടായതായും കാണുന്നില്ല.

മേൽ പറഞ്ഞവ ഉൾപ്പടെയുള്ള അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

30.01.2023 മുതൽ 14.02.2023 വരെയുള്ള തീയതികളിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ ഏപ്രിൽ 2019 മുതൽ ഡിസംബർ 2022 വരെയുള്ള കാലയളവിലെ കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായിട്ടില്ല.

26-5-2015 മുതൽ 1-6-2015 വരെയുള്ള കാലയളവിൽ നടന്ന പെർഫോമൻസ് ഓഡിറ്റ് 2014-15 വർഷം വരെയുള്ള കണക്കുകൾ മാത്രമാണ് പരിശോധിച്ചിട്ടുള്ളത്.

1-11 തൊഴിൽ നികുതി പിരിവ് - അപാകതകൾ

2021-22 വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്, രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി നഗരസഭ സൂക്ഷിച്ച് വരുന്ന റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

1) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | വാർഡ് നം |
|---|---|---|---|
| 1 | സബ് പോസ്റ്റ് ഓഫീസ്, കണയം | 1 | 2 |
| 2 | സിഡ്കോ ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് | 2 | 6 |
| 3 | മാനേജർ സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് വാണിയംകുളം | 2 | 6 |
| 4 | പ്രിൻസിപ്പാൾ SN ട്രസ്റ്റ് കോളേജ് കൊളപ്പുള്ളി | 2 | 12 |
| 5 | HDFC BANK BYPASS ROAD | 1&2 | 12 |
| 6 | ഐക്കോൺസ് ഹോസ്പിറ്റൽ | 1&2 | 9 |
| 7 | കേരളീയ ആയുർവേദ നിലയം | 1&2 | 10 |
| 8 | HONDA TWO WHEELER SALES & SERVICES | 1 | 13 |
| 9 | മയിൽ വാഹനം ഇംപ്ലിമെൻറ്സ് | 1&2 | 13 |
| 10 | സബ് പോസ്റ്റ് ഓഫീസ് കാളിപ്പാടം | 2 | 13 |
| 11 | വിജയ പ്രന്റിങ് പ്രസ്സ് | 1&2 | 13 |
| 12 | കാത്തോലിക് സിറിയൻ ബാങ്ക്, കുളപ്പുള്ളി. | 2 | 15 |
| 13 | പോസ്റ്റ് മാസ്റ്റർ ഗവണ്മെന്റ് പ്രസ്സ് പി ഒ കുളപ്പുള്ളി | 2 | 15 |
| 14 | BEVERAGES CORPARATION KULAPPULLY | 1 | 15 |
| 15 | സപ്ലൈ കോ മാർക്കറ്റ് | 2 | 15 |
| 16 | ലക്ഷ്മി പോളിമേഴ്സ് ,കുളപ്പുള്ളി | 1&2 | 15 |
| 17 | സപ്ലൈ കോ മാർക്കറ്റ് കുളപ്പുള്ളി | 2 | 15 |
| 18 | KMIC ഓഫീസ് കുളപ്പുള്ളി | 1&2 | 15 |
| 19 | മുത്തൂറ്റ് മൈക്രോ-ഫിൻ | 2 | 15 |
| 20 | എസ് സി ഡെവലപ്പ്മെന്റ് ഓഫീസ് | 2 | 16 |
| 21 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | 1&2 | 17 |
| 22 | അപ്സര ടൂറിസ്റ്റ് ഹോം | 2 | 18 |
| 23 | ജൂബിലി ഡെന്റൽ ക്ലിനിക്ക് | 1 | 19 |
| 24 | നിള റസിഡൻസി | 2 | 19 |
| 25 | ജനറൽ മാനേജർ മൈന്റനൻസ് Bsnl | 1&2 | 20 |
| 26 | ജനറൽ മാനേജർ ടെലികോം ഡിവിഷൻ Bsnl | 1&2 | 20 |
| 27 | എക്സിക്യൂട്ടീവ് എഞ്ചിനീയർ ടെലികോം സിവിൽ ഡിവിഷൻ Bsnl | 1&2 | 20 |
| 28 | കോരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക്, കേരളം ബാങ്ക് | 1 | 20 |
| 29 | ഷൊർണൂർ കോ ഓപ്പറേറ്റീവ് ബാങ്ക് | 1&2 | 20 |

| | | | |
|---|---|---|---|
| 30 | ആയുർവേദ സമാജം ആശുപത്രി | 2 | 23 |
| 31 | കാക്കനാട് ആയുർവേദ ആശ്രമം നെടുങ്ങോട്ടൂർ | 1&2 | 26 |
| 32 | മഹർഷി, വിദ്യാമന്ദിർ, ചുവന്ന ഗേറ്റ്, കുളപ്പുള്ളി | 1&2 | 31 |
| 33 | സബ് പോസ്റ്റ് ഓഫീസ്, ഷൊർണ്ണൂർ 2 | 1&2 | 32 |

ഓഡിറ്റ് അന്വേഷണം നം 24/13.03.2023 ന് മറുപടിയിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. രസീതി നമ്പർ, തീയതി എന്നിവ മറുപടിയുടെകൂടെ നൽകിയിട്ടുണ്ട്. എന്നാൽ രസീതിയുടെ പകർപ്പ് സഹിതം ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

1-11-1 സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് |
|---|---|---|
| 1 | മാനേജർ സർവീസ് കോ ഓപ്പറേറ്റിവ് ബാങ്ക് വാണിയംകുളം | 6 |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക് | 15 |
| 3 | കോളപ്പുള്ളി സർവീസ് ബാങ്ക് | 15 |
| 4 | മുത്തൂറ്റ് ഫിൻ കോർപ് കൊളപ്പുള്ളി | 15 |
| 5 | GOKULAM CHITS & FUNDS | 15 |
| 6 | മുത്തൂറ്റ് ഫിൻ കോർപ് ഷോർണൂർ | 17 |
| 7 | ഇന്ത്യൻ ഓവർസീസ് ബാങ്ക് ഷോർണൂർ | 17 |

ഓഡിറ്റ് പരിശോധനയിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കാതെ നിരവധി സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിച്ചു വരുന്നു എന്ന് ബോധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഓഡിറ്റ് അന്വേഷണം നം. 24/13.03.2023 ന് മറുപടിയിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കി എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ രസീതിയുടെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

1-11-2 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധ വർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(10) പ്രകാരം നഗരസഭാ പ്രദേശത്തെ കരാറുകാരിൽ നിന്നും നിന്നും ഓരോ അർദ്ധ വർഷവും 1250.00 രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. നഗരസഭയിലെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ നേടി നഗരസഭയുമായി കരാർ ചമച്ചിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ 2021-22 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് നടത്തി, ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | സുബ്രമണ്യൻ |
| 2 | രഞ്ജിത്ത് |
| 3 | രവി ചന്ദ്രൻ |
| 4 | റിനിൽ ബാബു |
| 5 | ഷാജഹാൻ എം ഐ |
| 6 | എം എം ഇബ്രാഹിം |
| 7 | നിയാസ് |
| 8 | ഹംസ |
| 9 | രവി കുമാർ |
| 10 | ജയകൃഷ്ണൻ |
| 11 | ബാലകൃഷ്ണൻ |

| | |
|---|---|
| 12 | സാക്കിർ ഹുസൈൻ |
| 13 | പരമേശ്വരൻ |

ഓഡിറ്റ് അന്വേഷണം നം 24 /13.03.2023 ന് നഗരസഭാ പരിധിയിലുള്ള എല്ലാ കരാറുകാർക്കും ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതാണ് ആർ 4/9721/17 ഫയൽ പ്രകാരം 10.12.2022 തീയതിയിൽ LID 2 E W ലേക്ക് ഓഫീസിൽ കുറിപ്പ് നൽകിയിട്ടുണ്ട് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഉടൻ കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-11-3 ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2), 3(8) എന്നിവ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. 2021-22 ഒന്നും രണ്ടും അർദ്ധ വർഷങ്ങളിൽ ഷൊർണ്ണൂർ സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട് 5 പേരാണ് ടി വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് മറുപടി നൽകിയിട്ടുണ്ട്. ഇവരിൽ നിന്ന് നികുതി ഈടാക്കി ഉടൻ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം 24/13.03.2023 ന് നൽകിയ മറുപടിയിൽ ഡിമാന്റിൽ ഉൾപെടുത്തി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് 5 പേരാണ് ടി വിഭാഗത്തിൽ ഉൽപ്പെട്ടിട്ടുള്ളത് എന്ന് അറിയിച്ചു.

1-11-4 റേഷൻകടകളുടെ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്യേണ്ടതാണ്

2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2021-22 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019 ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും താലൂക്ക് സപ്ലൈ ഓഫീസർ മുഖേന 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. റേഷൻകടകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം 24/13.03.2023 മറുപടിയായി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഇവരിൽ നിന്ന് ഉടൻ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ലൈസൻസ് നൽകൽ- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന്റെ കാര്യക്ഷമത പരിശോധിക്കുന്നതിനായി ലക്ഷ്യമിടുകയും ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. പരിശോധനയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1-12-1 ഭേദതി ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്

2020 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളുടെ മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ മൂലധനം രേഖപ്പെടുത്താതെയാണ് ഫീസ് ഈടാക്കിയിരിക്കുന്നത്. മൂലധനം വ്യക്തമല്ലാതെ എന്ത് അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്, കൂടാതെ ഭേദഗതി ചട്ടപ്രകാരമുള്ള മാറ്റം വരുത്താത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

| ഇനം | വാർഷിക ലൈസൻസ് ഫീസ് |
|---|---|
| മൈക്രോ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽ കവിയാത്തതും | 500/- |
| മിനിഎന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽകവിയുന്നതും ഒരു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ പത്തു ലക്ഷം രൂപയിൽകവിയുന്നതും ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയാത്തതും | 1000/- |
| സ്മാൾ എന്റർപ്രൈസസ്- മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ ഒരു കോടി രൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ | 5000/- |

| | |
|---|---|
| ഇരുപത്തിയഞ്ചു ലക്ഷം രൂപയിൽ കവിയുന്നതും രണ്ടു കോടി രൂപയിൽകവിയാത്തതും | |
| മീഡിയം എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ അഞ്ചു കോടി രൂപയിൽ കവിയുന്നതും പത്തു കോടി രൂപയിൽ കവിയാത്തതും സേവന മേഖലയിൽ രണ്ടു കോടി രൂപയിൽ കവിയുന്നതും അഞ്ചു കോടി രൂപയിൽ കവിയാത്തതും | 10000/- |
| ലാർജ് എന്റർപ്രൈസസ്-മൂലധന നിക്ഷേപം ഉൽപാദന മേഖലയിൽ പത്തു കോടി രൂപയിൽ കവിയുന്നതും സേവന മേഖലയിൽ അഞ്ചു കോടി രൂപയിൽ കവിയുന്നതും | 15000/- |

ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മൂലധന നിക്ഷേപത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തി. ഈടാക്കിയ ലൈസൻസ് ഫീസ് ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീസിൽ നിന്നും വ്യത്യസ്ഥമാണ്. ഓഡിറ്റ് അന്വേഷണം നം 14/10.03.23 ന് മറുപടി ലഭ്യമായിട്ടില്ല.

1-12-2 വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്നത്തിന് ഫീസ് ചുമത്തിയിട്ടില്ല

ലൈസൻസ് പരിശോധനയിൽ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിൽ നിന്നും വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് ഫീസ് ഈടാക്കുന്നില്ല ഏതാനം ഉദാഹരണം ചുവടെ നൽകുന്നു.

| ക്രമ നം | വാർഡ്/ഡോർ നമ്പർ | സ്ഥാപനത്തിന്റ പേര് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|
| 1 | 13/232 | NAHALIL SAW MILL | 37 HP | 400 |
| 2 | 13/492,493,495 | MAYIL VAHANAM INDUSTRIES | 87 HP | 1000 |
| 3 | 15/560 | LAKSHMI POLYMERS | 91 HP | 1000 |
| 4 | 15/561 | LAKSHMI PLUMBE LINE | 78 HP | 1000 |
| 5 | 15/562 | LAKSHMI MOULDINGS KULAPPULLY | 90 HP | 1000 |
| 6 | 15/566 | KERALA TIMBERS | 58 HP | 1000 |

ലൈസെൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ നഗരസഭാ പരിധിയിൽ വരുന്ന ഒരു സ്ഥാപനത്തിനും യന്ത്രങ്ങൾക്കുള്ള ഫീസ് ഈടാക്കാത്തതായി ശ്രദ്ധയിപ്പെട്ടു. വരും വർഷങ്ങളിൽ യന്ത്രങ്ങൾ ഉപയോഗിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കി നഗരസഭയുടെ വരുമാന വർദ്ധനവ് വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം. 14/10-03-23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-13 നിയമാനുസൃതമല്ലാതെ നിർമ്മിച്ച അനധികൃത കെട്ടിടങ്ങൾക്ക് തെറ്റായി വസ്തുനികുതി നിർണ്ണയം നടത്തി, കുടിശ്ശിക തുക ഈടാക്കിയിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 242 വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ച് മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്.

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 70 രൂപയും ഓഫീസ് ആവശ്യത്തിനുള്ള (വ്യവസായ ശാലകളുടെ ഓഫീസ്

കെട്ടിടം ഉൾപ്പടെ) കെട്ടിടങ്ങൾക്ക് 50 രൂപയുമാണ് നഗരസഭയിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ അനധികൃത നിർമ്മാണം നടത്തിയ താഴെ പറയുന്ന കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ എന്ന ഉപയോഗക്രമം രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയാണ് അനധികൃത കെട്ടിടനമ്പർ അനുവദിച്ചിട്ടുള്ളത്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കെട്ടിട നമ്പർ -16/1/UAC

വിസ്തീർണ്ണം -324.54 ച.മീ

കെട്ടിട ഉടമ- അസിസ്റ്റന്റ് എക്സ്സിക്യൂട്ടീവ് എഞ്ചിനീയർ പി ഡബ്ല്യൂ ഡി ബിൽഡിങ്സ്, പൊതുവാൾ ജങ്ഷൻ, ഷൊർണ്ണൂർ

അനധികൃത നിർമ്മാണത്തിൻറെ വർഷം-2009-10

നികുതി പ്രാബല്യത്തിൽ വരുന്ന തിയതി- 2016 1st Half

നിർണ്ണയിക്കേണ്ടതും നിർണ്ണയിച്ചതുമായ വസ്തുനികുതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർണ്ണയിച്ച വസ്തുനികുതി

അടിസ്ഥാന വസ്തു നികുതി -324.54x70=22717.8

അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവുകൾ-ഇല്ല

അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള വർദ്ധനവുകൾ

വഴി സൗകര്യം-20%=4543.56

വസ്തു നികുതി – 81786 /-(27262 രൂപയുടെ 3 മടങ്ങ്)

ലൈബ്രറി സെസ്സ് - 5%=4090

സർവ്വീസ് ചാർജ്ജ്-10%= 8179

ആകെ വസ്തു നികുതി = 94055/-

നിർണ്ണയിക്കേണ്ട വസ്തുനികുതി

അടിസ്ഥാന വസ്തു നികുതി -324.54x50=16227

അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ-ഇല്ല

അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ

വഴി സൗകര്യം-20%=3245.4

വസ്തു നികുതി – 58419 /-(19473 രൂപയുടെ 3 മടങ്ങ്)

ലൈബ്രറി സെസ്സ് - 5%=2921

സർവ്വീസ് ചാർജ്ജ്-10%= 5842

ആകെ വസ്തു നികുതി - 67182

വ്യത്യാസം = 26,873/-

പ്രതിവർഷം 26,873 രൂപയാണ് പി ഡബ്ല്യൂ ഡി ഓഫീസ് കെട്ടിടത്തിൽ നിന്ന് അധികനികുതി ഈടാക്കുന്നത്. സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം 2016 1st Half മുതൽ 2022 2nd Half വരെയുള്ള വസ്തുനികുതി കുടിശ്ശികയായി 6,28,385 രൂപയാണ് ഈടാക്കാനുള്ളത്. എന്നാൽ പ്രതിവർഷം 26,873/- രൂപ അധികനിർണ്ണയം നടത്തിയിട്ടുള്ളതിനാൽ കുടിശ്ശികയിൽ ആനുപാതികമായി കുറവ് വരുന്നതാണ്. ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുള്ളതിനാൽ കുടിശ്ശിക ഇനത്തിൽ ലഭിക്കേണ്ട തുകയിലും വ്യത്യാസമുണ്ട്.

2) കെട്ടിട നമ്പർ-7/4/UAC

വിസ്തീർണ്ണം - 1497.71ച.മീ

കെട്ടിട ഉടമ- എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ എസ് ഇ ബി, കുളപ്പുള്ളി,

അനധികൃത നിർമ്മാണത്തിൻറെ വർഷം- 2017-18

നികുതി പ്രാബല്യത്തിൽ വരുന്ന തിയതി- 2017 1st Half

നിർണ്ണയിക്കേണ്ടതും നിർണ്ണയിച്ചതുമായ വസ്തുനികുതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർണ്ണയിച്ച വസ്തുനികുതി

അടിസ്ഥാന വസ്തു നികുതി -1497.71x70=104839.7

അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ-ഇല്ല

അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ-35%=36693.895

വഴി സൗകര്യം-20%=20967.94

തറ നിർമ്മിതി-15%=15725.955

വസ്തു നികുതി – 424602/-(141534രൂപയുടെ 3 മടങ്ങ്)

ലൈബ്രറി സെസ്സ് - 5%=21231

സർവ്വീസ് ചാർജ്ജ്-10%= 42461

ആകെ വസ്തു നികുതി = 4,88,294/-

നിർണ്ണയിക്കേണ്ട വസ്തുനികുതി

അടിസ്ഥാന വസ്തു നികുതി -1497.71x50=74885.5

അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള ഇളവുകൾ-ഇല്ല

അടിസ്ഥാന വസ്തു നികുതിയിൻ മേലുള്ള വർദ്ധനവുകൾ-35%

വഴി സൗകര്യം-20%=14977.1

തറ നിർമ്മിതി-15%=11232.825

വസ്തു നികുതി – 303285/-(101095രൂപയുടെ 3 മടങ്ങ്)

ലൈബ്രറി സെസ്സ് - 5%=15165

സർവ്വീസ് ചാർജ്ജ്-10%= 30329

ആകെ വസ്തു നികുതി = 348779/-

വ്യത്യാസം = 1,39,515/-

പ്രതിവർഷം 1,39,515 രൂപയാണ് മേൽ കെട്ടിടത്തിൽ നിന്ന് അധികനികുതി ഈടാക്കുന്നത്. സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം 2017 ആദ്യപകുതിയിൽ വസ്തുനികുതി കുടിശ്ശികയായി 2,44,148 രൂപയാണ് ഈടാക്കാനുള്ളത്. എന്നാൽ പ്രതിവർഷം 1,39,515 രൂപ അധികനിർണ്ണയം നടത്തിയിട്ടുള്ളതിനാൽ കുടിശ്ശികയിൽ ആനുപാതികമായി കുറവ് വരുന്നതാണ്.

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി തെറ്റായി നിർണ്ണയം നടത്തിയതിനും കുടിശ്ശിക ഈടാക്കിയിട്ടില്ലാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/13.03.2023)മറുപടി ലഭ്യമാക്കിയതിൽ സഞ്ചയയിൽ തെറ്റായി ഡാറ്റാ എൻട്രി നടത്തിയതുമൂലം സംഭവിച്ചിട്ടുള്ള അപാകതയാണ് എന്ന് അറിയിച്ചിട്ടുണ്ട്. പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്രമനമ്പർ 1 പി.ഡബ്ല്യൂ.ഡി കെട്ടിടം റഗുലറൈസ് ചെയ്യാത്തത് പി.ഡബ്ല്യൂ.ഡി നൽകിയ പ്ലാനിൽ അപാകതകൾ നിലനിൽക്കുന്നതുകൊണ്ടാണ് എന്നും അറിയിച്ചിട്ടുണ്ട്.

നിയമാനുസൃതമല്ലാതെ നിർമ്മിച്ച മേൽ കെട്ടിടങ്ങളെ ശരിയായ ഉപയോഗക്രമത്തിലുൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും കൃത്യമായ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതും അപാകത പരിഹരിച്ച് ഫോം-6 ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-14 പത്ത് വർഷത്തിൽ താഴെ പഴക്കമുള്ള മൊബൈൽ ടവറുകൾക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ് നൽകി.

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 5 പ്രകാരം പത്ത് വർഷത്തിൽ താഴെ പഴക്കമുള്ള കെട്ടിടങ്ങൾക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാന വസ്തു നികുതിയിൽ ഇളവോ വർദ്ധനവോ നൽകേണ്ടതില്ല. എന്നാൽ 2016 ആദ്യപകുതി പ്രാബല്യത്തിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ള പത്ത് വർഷത്തിൽ താഴെ പഴക്കമുള്ള മൊബൈൽ ടവറുകൾക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഇളവ് നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ ഉടമസ്ഥൻ, വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി | അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിർമ്മാണം പൂർത്തിയായ വർഷം | റിമാർക്സ് |
|---|---|---|---|---|
| 1 | 3/145/2<br>ഇൻഡസ് ടവർ | 13.14x500=6570<br>ഇളവ്=20%=1314<br>മേഖല-10%=657 | 2009 | 2016 2nd Half മുതലുള്ള കുടിശ്ശിക |

| | | | | |
|---|---|---|---|---|
| | 13.14 ച.മീ | കാലപ്പഴക്കം-10%=657<br>വർദ്ധനവ്=ഇല്ല<br>BT=5256<br>LC=263<br>CS=526<br>Total=6045 | | ഈടാക്കാനുണ്ട്. |
| 2 | 5/121/2<br>ഇൻഡസ് ടവർ<br>40.86 ച.മീ | 40.86x500=20430<br>ഇളവ്=20%=4086<br>മേഖല-10%=2043<br>കാലപ്പഴക്കം-10%=2043<br>വർദ്ധനവ്=ഇല്ല<br>BT=16344<br>LC=818<br>CS=1635<br>Total=18797 | 2010 | 2016 2nd Half മുതലുള്ള കുടിശ്ശിക ഈടാക്കാനുണ്ട്. |
| 3 | 14/326/1<br>എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ<br>21.15 ച.മീ | 21.15x500=10575<br>ഇളവ്=20%=2115<br>മേഖല-10%=1057.5<br>കാലപ്പഴക്കം-10%=1057.5<br>വർദ്ധനവ്=ഇല്ല<br>BT=8460<br>LC=423<br>CS=846<br>Total=9729 | 2008 | - |
| 4 | 15/728<br>ടവർ, വി.ഡി.സുദേവൻ<br>14.84 ച.മീ | 14.84x500=7420<br>ഇളവ്<br>കാലപ്പഴക്കം-10%=742<br>വർദ്ധനവ്<br>വഴിസൗകര്യം=20%=1484<br>BT=8162<br>LC=409<br>CS=817<br>Total=9388 | 2009 | - |
| 5 | 24/364/1<br>എ എസ് ഇൻഡസ് ടവർ ലിമിട്ടഡ്<br>14.23 ച.മീ | 14.23x500=7115<br>ഇളവ്<br>കാലപ്പഴക്കം-10%=711.5<br>വർദ്ധനവ്<br>വഴിസൗകര്യം=20%=1423<br>BT=7827<br>LC=392<br>CS=783<br>Total=9002 | 2010 | - |
| 6 | 32/247/1<br>ഇൻഡസ് ടവർ ലിമിറ്റഡ്<br>20.5 ച.മീ | 20.5x500=10250<br>ഇളവ്=20%=2050<br>മേഖല-10%=1025<br>കാലപ്പഴക്കം-10%=1025<br>വർദ്ധനവ്<br>വഴിസൗകര്യം=20%=2050<br>BT=10250<br>LC=513<br>CS=1025<br>Total=11788 | 2010 | 2016 2nd Half മുതലുള്ള കുടിശ്ശിക ഈടാക്കാനുണ്ട്. |

മേൽ ടവറുകൾക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിലുള്ള ഇളവ് അനുവദിച്ചിട്ടുള്ളതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/08.03.2023) ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയുടെ നികുതി പരിഷ്കരണ സമയത്ത് ഡാറ്റ എൻട്രിയിലെ പിഴവ് കാരണമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്, ആയത് തിരുത്തി പുതുക്കിയ ഡിമാന്റ് നോട്ടീസുകൾ അയച്ച് തുക ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയം നടത്തുമ്പോൾ അനർഹമായ ഇളവ് അനുവദിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. 2016 മുതലുള്ള കുടിശ്ശിക ഈടാക്കാനുള്ള ടവറുകൾക്ക് ഇളവ് ലഭിക്കാതിരുന്നാൽ കുടിശ്ശികയിൽ വർദ്ധനവ് ഉണ്ടാവുന്നതാണ്. അനർഹമായി അനുവദിച്ച ഇളവ് ഒഴിവാക്കി യഥാർത്ഥത്തിലുള്ള കുടിശ്ശിക തുക കണക്കാക്കേണ്ടതും ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-15 60 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിരിക്കുന്നു.

16.12.2015 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നം:358/2015 തസ്വഭവ പ്രകാരം 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളേയും 2015-2016 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതും ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിനു മാത്രമായി പരിമിതപ്പെടുത്തേണ്ടതുമാണ്. ഒരു പഞ്ചവർഷ അസസ്മെന്റ് കാലയളവിലേക്ക് ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് സെക്രട്ടറി ഉടമസ്ഥന്റെ സത്യവാങ്മൂലം കർശനമായും വാങ്ങി സൂക്ഷിക്കേണ്ടതാണ്. 2021-22 വർഷത്തെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ, വസ്തുനികുതി നിർണ്ണയ (സഞ്ചയ) സോഫറ്റ് വെയർ എന്നിവ പരിശോധിച്ചതിൽ 60 ചതുരശ്ര മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള പാർപ്പിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയതായി കാണുന്നു. ഇത്തരത്തിൽ വസ്തുനികുതി ഈടാക്കിയിട്ടുള്ള ചില കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ വസ്തുനികുതി |
|---|---|---|---|---|
| 1 | 24/23(3) | നിർമ്മല, പൊറ്റമ്മൽ, മുണ്ടായ | 19.80 | 237 |
| 2 | 24/206(4) | അയ്യപ്പൻ, ചൂൽപ്പുറത്ത് | 36.46 | 491 |
| 3 | 23/131(2) | നിഖിലേഷ്, ഗണേഷ്ഗിരി | 25.27 | 304 |
| 4 | 26/339(1) | നീലി, പരുത്തിപ്രാ | 38.4 | 516 |
| 5 | 27/231(1) | ജിഷ, പരുത്തിപ്രാ | 35.15 | 577 |
| 6 | 27/136(1) | കൗസല്യ, പരുത്തിപ്രാ | 34.04 | 459 |
| 7 | 27/117(1) | ദേവകി, പരുത്തിപ്രാ | 46.96 | 631 |
| 8 | 28/336-3 | തങ്കമണി, പരുത്തിപ്രാ | 38.53 | 463 |
| 9 | 28/320-3 | സരസു, പരുത്തിപ്രാ | 41.11 | 555 |
| 10 | 7/293(1-1) | കാർത്തായനി കല്ലിപ്പാടം | 45.51 | 613 |
| 11 | 10/241-1 | ഉഷ, കവളപ്പാറ | 42.49 | 572 |
| 12 | 2/374-1 | ഉണ്ണൂലി, കണയം | 45.9 | 619 |
| 13 | 4/271-1 | രാധാകൃഷ്ണൻ, കുളപ്പുള്ളി | 46.92 | 562 |
| 14 | 6/282-1 | പ്രേമ, കല്ലിപ്പാടം | 38.73 | 465 |
| 15 | 32/68-5 | മണികണ്ഠൻ, കുളപ്പുള്ളി | 46.21 | 760 |

വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള മേൽ പറഞ്ഞ പ്രകാരമുള്ള കെട്ടിടങ്ങളിന്മേൽ നികുതി ചുമത്തിയിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/10.03.2023) ലഭ്യമാക്കിയ മറുപടിയിൽ, മേൽ കെട്ടിടങ്ങളുടെ ഉടമസ്ഥർ സത്യവാങ്മൂലം ഹാജരാക്കുന്ന മുറയ്ക്ക് നികുതി ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി ഇളവിന് അർഹതയുള്ളവരിൽ നിന്ന് സത്യവാങ്മൂലം വാങ്ങി സൂക്ഷിച്ച് നികുതി ഇളവ് അനുവദിക്കേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

1-16 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

സഞ്ചയയിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പ്രകാരം 22 മൊബൈൽ ടവറുകൾ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി പത്രികയിൽ 2021-22 വരെയുള്ള കാലയളവിൽ 10 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശികയായ 8,60,386/- രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ ഉടമസ്ഥൻ | വിസ്തീർണ്ണം (ച.മീ) | ചുമത്തിയ നികുതി (LC,Cervice Charge) ഉൾപ്പെടെ) (രൂപ) | കുടിശ്ശിക തുക (രൂപ) | കുടിശ്ശിക വർഷം |
|---|---|---|---|---|---|
| 1 | 3/145/2 ഇൻഡസ് ടവർ | 13.14 | 6045 | 39099 | 2016 2nd Half |
| 2 | 5/121/2 | 40.46 | 18797 | 110599 | 2016 2nd Half |
| 3 | 10/401/6 ഡിവിഷണൽ എഞ്ചിനീയർ ബി.എസ്.എൻ.എൽ | 40 | 20700 | 79965 | 2019 1st Half |

| | | | | | |
|---|---|---|---|---|---|
| | മൊബൈൽ ടവർ | | | | |
| 4 | 15/39<br>ഭാരത് സെല്ലുലാർ ലിമിറ്റഡ് | 40 | 23000 | 224000 | 2013 1st Half |
| 5 | 16/314<br>മാനേജർ എസ്റ്റേറ്റ് ഐഡിയ മൊബൈൽ | 16 | 7360 | 54880 | 2013 1st Half |
| 6 | 16/317/1<br>റിലൈൻസ് ഇൻഫോകോം ലിമിറ്റഡ് | 11.61 | 5342 | 39566 | 2013 1st Half |
| 7 | 20/478<br>റിയലൻസ് ഇൻ ഫോട്ടൽ | 36 | 20700 | 207000 | 2013 1st Half |
| 8 | 24/235/1<br>ഇൻഡസ് ടവർ | 35 | 18113 | 30196 | 2017 2nd Half<br>2018 2nd Half<br>2022 1st& 2nd Half |
| 9 | 28/58<br>ബി എസ് എൻ എൽ മൊബൈൽ ടവർ, സി.എം കൃഷ്ണൻ നമ്പൂതിരി | 18.61 | 9632 | 11567 | 2021 2nd Half |
| 10 | 32/247/1<br>ഇൻഡസ് ടവർ ലിമിറ്റഡ് | 20.5 | 11788 | 63514 | 2016 2nd Half |
| ആകെ | | | | 8,60,386/- | |

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-3/8.3.2023) ലഭ്യമാക്കിയ മറുപടിയിൽ എല്ലാ മൊബൈൽ ടവറുകൾക്കും നികുതി ഒടുക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് നേരിട്ട് നൽകാൻ നിർവ്വാഹമില്ലാത്തതിനാൽ തപാൽ, ഇ-മെയിൽ മുഖാന്തിരം അറിയിച്ചിട്ടുള്ളതായും ടി സ്ഥാപനമേധാവികളുമായി ഫോണിലൂടെ ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായും അടച്ചുതീർക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതായി പറയുന്നു. കുടിശ്ശികയായ 8,60,386/- രൂപ അടിയന്തിരമായി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-17 വസ്തു നികുതി കുടിശ്ശിക 75,34,567 /-രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

2021-22 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം തൻവർഷം വസ്തു നികുതി ഇനത്തിൽ (Receivable For Property Taxes,Current കോഡ്-431100100) 63,57,298/- രൂപയും മുൻ വർഷങ്ങളിലെ വസ്തു നികുതി ഇനത്തിൽ( Receivable For Property Taxes, Arrears കോഡ്-431100200) 11,77,269/- രൂപയും കുടിശ്ശികയും ചേർത്ത് ആകെ 75,34,567 /-രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. നഗരസഭ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (നമ്പർ-41/15.03.2023)

1-18 ചരക്ക്സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി വിനോദ നികുതി ഈടാക്കുന്നില്ല.

മുനിസിപ്പാലിറ്റിയുടെ പരിധിയിൽ അനുഗ്രഹ തിയേറ്റർ, ലാൽ സിനിപ്ലക്സ് എന്നിങ്ങനെ രണ്ട് തിയേറ്ററുകളാണ് പ്രവർത്തിച്ചുവരുന്നത്. 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർറ്റെയ്ൻമെന്റ് ടാക്സ് ആക്ട് വകുപ്പ് 3 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടിക്കറ്റിന്റെ നിശ്ചിത ശതമാനം വിനോദ നികുതി ചുമത്തുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവായിട്ടുള്ളതും പ്രാബല്യ തിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുള്ളതാണ്. ചരക്ക്സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം മൂന്നാം

തിയതിക്കള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ 1-4-2021 മുതൽ 31-12-2021 വരെയുള്ള കാലയളവിലെ വിനോദ നികുതിയിൽ സർക്കാർ ഇളവ് നൽകിയതിന്ന ശേഷം 1-1-2022 മുതൽ വിനോദ നികുതി ഈടാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ 2022 ജനവരി, ഫെബ്രുവരി മാസങ്ങളിൽ 2,14,108/-രൂപയാണ് (ശീർഷകം-110160100) വിനോദനികുതിയിനത്തിൽ വരവായി ലഭിച്ചിട്ടുള്ളത്. ഫയൽ, ബന്ധപ്പെട്ട രേഖകൾ എന്നിവ പരിശോധിച്ചതിൽ ജി.എസ്.ടി ഒടുക്കിയ രേഖകളുടെ അടിസ്ഥാനത്തിലല്ല നികുതി ഈടാക്കുന്നത് എന്ന് ബോധ്യപ്പെട്ടു. അനുഗ്രഹ തിയേറ്ററിൽ രണ്ട് സ്ക്രീനുകളും (സ്ക്രീൻ 1, സ്ക്രീൻ 2) , ലാൽ സിനിപ്ലക്സ് തിയേറ്ററിൽ മൂന്ന് സ്ക്രീനുകളുമാണ് (സ്ക്രീൻ 1, സ്ക്രീൻ 2, സ്ക്രീൻ 3) പ്രവർത്തിപ്പിച്ചുവരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) തിയേറ്ററിന്റെ പേര്- അനുഗ്രഹ തിയേറ്റർ

| സ്ക്രീൻ നമ്പർ | ടിക്കറ്റ് നിരക്ക് | നികുതി ഒഴികെയുള്ള അടിസ്ഥാന ടിക്കറ്റ് നിരക്ക് | ഈടാക്കുന്ന വിനോദ നികുതി (%) |
|---|---|---|---|
| സ്ക്രീൻ 1 | 110 | 88.78 | 5 |
| സ്ക്രീൻ2 | 110 | 88.78 | 5 |

2) തിയേറ്ററിന്റെ പേര്- ലാൽ സിനിപ്ലക്സ്.

| സ്ക്രീൻ നമ്പർ | ക്ലാസ് | ടിക്കറ്റ് നിരക്ക് | നികുതി ഒഴികെയുള്ള അടിസ്ഥാന ടിക്കറ്റ് നിരക്ക് | ഈടാക്കുന്ന വിനോദ നികുതി (%) |
|---|---|---|---|---|
| സ്ക്രീൻ 1 | പ്ലാറ്റിനം | 130 | 100.17 | 5 |
| | സോഫ | 200 | 151.61 | 8.5 |
| | റിക്ലൈനർ | 350 | 268.75 | 8.5 |
| സ്ക്രീൻ 2 | പ്ലാറ്റിനം | 130 | 100.17 | 5 |
| | സോഫ | 200 | 151.61 | 8.5 |
| സ്ക്രീൻ 3 | പ്ലാറ്റിനം | 130 | 100.17 | 5 |
| | സോഫ | 200 | 151.61 | 8.5 |

ജി.എസ്.ടി, മറ്റ് നികുതികൾ എന്നിവ ഒഴികെയുള്ള അടിസ്ഥാന ടിക്കറ്റ് നിരക്കിന് ആനുപാതികമായാണ് വിനോദ നികുതി ഈടാക്കിവരുന്നത്. തിയേറ്ററിൽ നിന്നും ലഭിക്കുന്ന എന്റർറ്റെയ്ൻമെന്റ് ടാക്സ് കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തെ അടിസ്ഥാന ടിക്കറ്റ് നിരക്ക് കൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയുടെ 8.5% (100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക്), 5% (100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക്) എന്നിങ്ങനെയാണ് വിനോദനികുതിയായി ഈടാക്കിവരുന്നത്. സ്ഥാപനം ജി.എസ്.ടി അടവാക്കിയിട്ടുള്ള ജി.എസ്.ടി റിട്ടേണുകൾ പരിശോധനാവിധേയമാക്കാതെ സ്ഥാപനത്തിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകുന്ന എന്റർറ്റെയ്ൻമെന്റ് ടാക്സ് കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി വിനോദ നികുതി ഈടാക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-15/10.03.2023) ലഭ്യമാക്കിയ മറുപടിയിൽ തുടർന്നുള്ള മാസങ്ങളിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപനം ജി.എസ്.ടി അടവാക്കിയിട്ടുള്ള ജി.എസ്.ടി റിട്ടേണുകൾ ലഭ്യമാക്കി പരിശോധിക്കേണ്ടതും അതിനാനുപാതികമായി വിനോദ നികുതി ഈടാക്കേണ്ടതും തുടർവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-19 വാടക ഈടാക്കുന്നതിലുള്ള അപാകതകൾ

നഗരസഭയുടെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്, ബസ് സ്റ്റാന്റ് കെട്ടിടങ്ങൾ എന്നിങ്ങനെയുള്ള കെട്ടിടങ്ങളിൽ നിന്ന് വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1-19-1 ഒഴിഞ്ഞു കിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകേണ്ടതാണ്

നഗരസഭ അധികാര പരിധിയിലുള്ള വിവിധ കെട്ടിടങ്ങളിലെ വാടകയ്ക്ക് നൽകിയ മുറികളുടേയും ഒഴിഞ്ഞു കിടക്കുന്ന മുറികളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-30/14.03.2023) ലഭ്യമാക്കിയ മറുപടി പ്രകാരമുള്ളത്)

| ക്രമ നം. | കെട്ടിടം | ആകെ മുറികൾ | ഒഴിഞ്ഞു കിടക്കുന്നവ |
|---|---|---|---|
| 1 | ഷൊർണ്ണൂർ പുതിയ ബസ് സ്റ്റാന്റ് കെട്ടിടം | 14 | 1 |
| 2 | കുളപ്പുള്ളി അമിനിറ്റി സെന്റർ | 16 | - |
| 3 | രജത ജൂബിലി ഷോപ്പിങ് കോംപ്ലക്സ് | 18 | - |
| 4 | പഴയ ബസ് സ്റ്റാന്റ് കെട്ടിടം | 89 | 7 |
| 5 | കാരപ്പാട് വായനശാല | 2 | - |
| 6 | മറ്റ് കെട്ടിടങ്ങൾ | 1 | - |
| | ആകെ | 140 | 8 |

നഗരസഭ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ വിവിധ കെട്ടിടങ്ങളിലായി ആകെയുള്ള 140 മുറികളിൽ ഒഴിഞ്ഞുകിടക്കുന്ന 8 മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തുടർവിവരം അറിയിക്കേണ്ടതുമാണ്.

1-19-2 എല്ലാ വാടക്കാരുമായും കരാറിൽ ഏർപ്പെട്ടിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 215 ൽ ഉപവകുപ്പ് (3) പ്രകാരം ഒരു കെട്ടിടമോ അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകളും ഫീസിന്റെ നിരക്കും അത് കൊടുക്കേണ്ട സമയവും ഉൾക്കൊള്ളിച്ചുകൊണ്ട് ഉചിതമായ മൂല്യമുള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടായിരിക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ വാടകക്കരാറുകളുടെ ഫയൽ പരിശോധിച്ചതിൽ എല്ലാ വാടകക്കാരുമായും കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. ഇത്തരത്തിൽ കരാറിൽ ഏർപ്പെട്ടിട്ടില്ലാത്ത ഏതാനും കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 8/388 | എം കെ. അഹമ്മദ് | പച്ചക്കറി കട |
| 2 | 8/387 | കെ എസ്. വേണുഗോപാൽ | പങ്കജ പൂജ സ്റ്റോറ് |
| 3 | 8/386 | സുബ്രമണ്യൻ | നളന്ദ ഫോട്ടോസ്റ്റാറ്റ് |
| 4 | 8/385 | എ എം മീനാക്ഷിസുന്ദരം | ചെറുതുരുത്തി മെഡിക്കൽസ് |
| 5 | 8/384 | കൃഷ്ണദാസ് | - |
| 6 | 8/380 | സി എ കെ മുഹമ്മദ് | ഉർവശി ഫാൻസി |
| 7 | 8/378 | കെ ബി ജൂബി | സിൽവ മെഡിക്കൽസ് |
| 8 | 8/377 | പി കെ ഉമ്മർ | കവിത ഫുട്ട് വെയർ |
| 9 | 8/376 | പി ടി സദാശിവൻ | - |
| 10 | 8/375 | എം കെ റഷ് | സൈനിൻ ഡ്യൂട്ടിപെയ്ഡ് |

കൃത്യമായ കരാർ ഉടമ്പടികൾ ഇല്ലാതെ കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-30/14.03.2023) ലഭ്യമാക്കിയ മറുപടിയിൽ നഗരസഭയുമായി കരാറിൽ ഏർപ്പെടാത്ത കരാറുകാരുടെ കരാർ സഹിതം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടം വാടകയ്ക്ക് നൽകുമ്പോൾ അത് ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകളും ഫീസിന്റെ നിരക്കും അത് കൊടുക്കേണ്ട സമയവും ഉൾക്കൊള്ളിച്ചുകൊണ്ട് ഉചിതമായ മൂല്യമുള്ള കരാർ എഴുതിയുണ്ടാക്കേണ്ടതാണ്. വാടകക്കാരിൽ നിന്ന് വാടക ലഭ്യമാകാതിരിക്കുകയും വാടകകരാറിന്റെ അഭാവത്തിൽ തുക തിരികെ ഈടാക്കാൻ കഴിയാതിരിക്കുകയും ചെയ്താൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്.

1-19-3 വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

2021-22 ലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം തൻവർഷ വാടക ഇനത്തിൽ (Rent Receivable From Civic Amenities, കോഡ്-431400101) 15,50,303/- രൂപയും മുൻ വർഷങ്ങളിലെ വാടക ഇനത്തിൽ(Rent Receivable From Civic Amenities, കോഡ്-431400102) 1,57,974/- രൂപയും കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. നഗരസഭ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ-30/14.03.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ ലഭ്യമാക്കിയതനുസരിച്ച് വില്ലേജ് ഓഫീസ് കെട്ടിടങ്ങളിൽ നിന്ന് ഈടാക്കാനുള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ നമ്പർ/പേര് | കുടിശ്ശിക തുക | കുടിശ്ശിക വർഷം |
|---|---|---|---|
| 1 | 17/478 വില്ലേജ് ഓഫീസ്-I | 157500 | 7/20 - 3/22 |

| | | | |
|---|---|---|---|
| 2 | 17/481<br>വില്ലേജ് ഓഫീസ്-II | 170000 | 6/19- 6/22 |

മേൽ വില്ലേജ് ഓഫീസ് കെട്ടിടങ്ങളിലൂടെ വാടക കുടിശ്ശിക ഈടാക്കുന്നതിനായി 03.06.2022, 08.08.2022 തീയതികളിൽ ഒറ്റപ്പാലം തഹസിൽദാർ കാര്യാലയത്തിലേക്കും 05.08.2022, 23.11.2022 തീയതികളിൽ ജില്ലാ കളക്ടർക്കും സെക്രട്ടറി നേരിൽ കത്ത് നൽകുകയും ചെയ്തിട്ടുള്ളതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മുഴുവൻ കുടിശ്ശിയും ഈടാക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

1-19-4 വാടക രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

വാടക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയതിൽ ഷോപ്പിംഗ് കോംപ്ലക്സ് തിരിച്ചുള്ള വാടക വരവിന്റെ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തൽ നടത്തുകയോ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ വാർഷിക കണക്കിലുള്ള വരവിന്റെ കൃത്യത പരിശോധിച്ചുറപ്പിക്കാൻ കഴിഞ്ഞിട്ടില്ല. വരവ് ചെലവ് പത്രിക പ്രകാരം തൻവർഷ വാടക ഇനത്തിൽ (Rent Receivable From Civic Amenities, കോഡ്-431400101) 33,49,697/- രൂപയും മുൻ വർഷങ്ങളിലെ വാടക കുടിശ്ശിക ഇനത്തിൽ(Rent Receivable From Civic Amenities, കോഡ്-431400102) 2,99,316/- രൂപയുമാണ് വരവായി ലഭിച്ചിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-30/14.03.2023) വാടക സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി ഓഡിറ്റ് മുമ്പാകെ സമർപ്പിക്കുന്നതാണ് എന്ന മറുപടി നൽകിയിട്ടുണ്ട്. വാടക വരവിന്റെ വാർഷിക സംക്ഷിപ്തം എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-19-5 നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബസ് സ്റ്റാന്റ് ലേല തുക മുഴുവനായി ഈടാക്കിയിട്ടില്ല

ഷൊർണ്ണൂർ നഗരസഭാ വക വസ്തുവകകളിലെയും സ്ഥാപനങ്ങളിലെയും 2021-2022 വർഷത്തെ ഫീസ് പിരിവുകൾ നടത്തുന്നതിന് 20.03.21 ന് നടന്ന ലേലത്തിൽ ശ്രീ. സെയ്ദ് മുഹമ്മദ് ന് 351000 രൂപക്ക് 24.04.21 ലെ 12 നമ്പർ കൗൺസിൽ തീരുമാനപ്രകാരം ലേലം ഉറപ്പിച്ചു നൽകിയിട്ടുണ്ട്.
2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7(2), 8(2) എന്നിവ പ്രകാരം ഫാറം നമ്പർ III എ മാതൃകയിൽ മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ ഫീസ് പിരിവിനുള്ള അവകാശം ലഭിച്ച ആളുമായി കരാർ ചമച്ചതായി കാണുന്നില്ല. കരാർചമക്കാതെ ലേലം ഉറപ്പിച്ചു നൽകിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.
ലേല തുകയുടെ 1/3 തുകയായ 140400/- രൂപ 24.03.21 തീയതിയിൽ അടവാക്കിയിട്ടുണ്ട് കൂടാതെ കോവിഡ് കാലയളവിൽ 40 ദിവസം ബസ് സ്റ്റാന്റ് അടഞ്ഞ് കിടന്നതു കാരണം റവന്യൂ ഇൻസ്പെക്ടർ 38465/- രൂപ ഇളവ് ചെയ്തു നൽകിയിട്ടുണ്ട് 17.01.23 ന് 11ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ആയതു കുറവ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അവശേഷിക്കുന്ന തുക ഇതു വരെ ഈടാക്കിയിട്ടില്ല. ഇനിയും 172135/- രൂപ ലേലം ഉറപ്പിച്ചതിന്റെ ഭാഗമായി നഗരസഭയ്ക്ക് ലഭിക്കാനുണ്ട്.
ലേല തുകയുടെ വിശദാംശം ചുവടെ നൽകുന്നു.
ലേലം ഉറപ്പിച്ചത് :351000/-
ആദ്യഗഡു :140400/-
കോവിഡ് കാലയളവിലെ ഇളവ് :38465/-
അടവാക്കാൻ ബാക്കിയുള്ള തുക :172135/- രൂപ
അടവാക്കാൻ ബാക്കിയുള്ള തുക അടവാക്കാനുള്ള നടപടി ഉടൻ സ്വീകരിച്ച നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം നികത്തേണ്ടതാണ്. തുക അടവാക്കി രസീതിയുടെ പകർപ്പ് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം 33/15.03.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-20 ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച രൂപ നഗരസഭയുടെ തനതുഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്

അസി.എഞ്ചിനീയറുടെ 67272269974 നമ്പർ അക്കൗണ്ടിൽ (SBI ഷൊർണ്ണൂർ ബ്രാഞ്ച്) 195255.50 രൂപ 31-03-22 ന് ഇ-ടെന്റർ ഫോം വിലയുടെ നീക്കിയിരിപ്പായി അവശേഷിന്നുണ്ട്. ഈ തുക നഗരസഭയുടെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ആയത് നഗരസഭയുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 അങ്കണവാടി പോഷകാഹാര പദ്ധതി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല

2021-2022 സാമ്പത്തികവർഷത്തിൽ ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അങ്കണവാടി പോഷകാഹാര പദ്ധതിയ്ക്കായി പൗർണമി അമൃതം ഫുഡ്സ്, കുടുംബശ്രീ യൂണിറ്റ്, കവളപ്പാറ, ഷൊർണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ് / ആരോഗ്യമിക്സ് എന്നിവ വാങ്ങിയിട്ടുണ്ട്. ടി.ഡി.എസ് കുറവു ചെയ്യാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

| | |
|---|---|
| പ്രോജക്ട് നം. | 13/2021-22 & 91/2021-22 |
| പ്രോജക്ട് | അനുപൂരക പോഷകാഹാരം General & SC |
| അടങ്കൽ | ജനറൽ<br>4000000/- (വികസന ഫണ്ട് -2000000/-+ കേന്ദ്രാവിഷ്കൃത ഫണ്ട് - 2000000/-)<br>എസ്.സി<br>500000/- ( വികസന ഫണ്ട്- 500000/-) |
| ചെലവ് | ജനറൽ<br>2869776/- (വികസന ഫണ്ട്-1998486/- +കേന്ദ്രാവിഷ്കൃത ഫണ്ട് - 871290/-)<br>എസ്.സി<br>487069/- ( വികസന ഫണ്ട്- 487069/-) |

അമൃതം ന്യൂട്രിമിക്സ് / ആരോഗ്യമിക്സ് എന്നിവയ്ക്ക് തുക അനുവദിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക ( ജി.എസ്.ടി ഒഴികെ) |
|---|---|---|
| 1 | 290/31.08.2021 | 125195.00 |
| 2 | 305/29.12.2021 | 122745.00 |
| 3 | 302/30.11.2021 | 100170.00 |
| 4 | 308/27.01.2022 | 105630.00 |
| 5 | 311/28.02.2022 | 119805.00 |
| 6 | 279/26.04.2021 | 112945.00 |
| 7 | 285/30.06.2021 | 111475.00 |
| 8 | 282/29.05.2021 | 95550.00 |
| 9 | 288/30.07.2021 | 100170.00 |
| 10 | 294/30.09.2021 | 105000.00 |
| | ആകെ | 1098685.00 |

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി, ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർനം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീയതി 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവർത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2.5ലക്ഷത്തിനു മുകളിൽ വാങ്ങൽ വരുന്ന മേൽപദ്ധതികളിൽ ജി എസ് ടി ഒഴികെയുള്ള തുകയിൽ നിന്നും 2% ടി.ഡി. എസ് ഈടാക്കാതെയാണ് സപ്ലൈയർക്ക് തുക അനുവദിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( നം .02/08.03.2023) നൽകിയെങ്കിലും വ്യക്തമായ മറുപടി നൽകിയില്ല.

1-22 ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് - മുഴുവൻ തുകയും ഉറപ്പുവരുത്തിയിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ / ബത്ത നൽകി പഠനസാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായാണ് മേൽ സൂചിപ്പിച്ച പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. 77 ഭിന്നശേഷി വിദ്യാർത്ഥികൾക്കാണ് പ്രസ്തുത പ്രോജക്ടിൽ നിന്നും തൻവർഷത്തിൽ സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 14/2022 & 32/2022(ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ-ജനറൽ & എസ്.സി) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ(ജനറൽ) | 1863550/- (വികസന ഫണ്ട്-1863550/- ) |
| ചെലവ് | 762600/- (വികസന ഫണ്ട്-762600/- ) |
| അടങ്കൽ(എസ്.സി) | 167450/- (വികസന ഫണ്ട്-167450/- ) |
| ചെലവ് | 164783/- (വികസന ഫണ്ട്-164783/- ) |
| ബിൽ നമ്പർ/തീയതി | 1) 06/2021-22/27.12.2021 തുക. 762600/-<br>2) 09/2021-22/17.03.2022 തുക. 121450/-<br>3) 10/2021-22/17.03.2022തുക . 43333/- |

സ.ഉ(കൈ)നം.22/2018/തസ്വഭവ, തിയതി.14.02.2018 , സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6 പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷിക ബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28500/- രൂപ വരെ നൽകാവുന്നതാണ്. ശാരീരിക പ്രയാസങ്ങൾ ഉള്ളവർക്കും അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് അർഹമായ തുക സ്കോളർഷിപ്പായി നൽകാവുന്നതാണ്. എന്നാൽ മേൽപദ്ധതികളിൽ ഗുണഭോക്താക്കൾക്ക് അർഹമായ തുക നൽകിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പേര്, മേൽവിലാസം | നൽകിയ തുക | അർഹമായ തുക |
|---|---|---|
| അനഘ എസ്.പി D/oജയപ്രകാശൻ, പരുത്തിപ്ര, ഷൊർണൂർ | 14250 | 28500 |
| അഭിജിത്ത്.ടി.ബി S/oബിനു.ടി.ആർ, കവളപ്പാറ, ഷൊർണൂർ | 14250 | 28500 |
| ജിനി ജോയ് D/o ജോളി.കെ.ജോർജ്ജ്, കവളപ്പാറ, ഷൊർണൂർ | 14250 | 28500 |
| അരുൺ.എംS/oകെ.പി.മണികണ്ഠൻ, ചളവറ, ഷൊർണൂർ | 14250 | 28500 |
| ഗോകുൽ.എS/oഉദയൻ.എ, കുളപ്പുള്ളി, ഷൊർണൂർ | 14250 | 28500 |
| രേവ.എൻ.ആർ D/o രമ.കെ.ആർ, ചുഡുവാലത്തൂർ, ഷൊർണൂർ | 14250 | 28500 |
| അഷിമ മോഹൻ D/o ചിത്രലേഖ, കവളപ്പാറ, ഷൊർണൂർ | 14250 | 28500 |
| അക്ഷയ്.കെ.എൻS/oഅനിത.കെ.എൻ, കല്ലിപ്പാടം, ഷൊർണൂർ | 14250 | 28500 |
| മേഘ.എസ് D/o വിജി.കെ.ആർ, കല്ലിപ്പാടം, ഷൊർണൂർ | 14250 | 28500 |

കൂടാതെ സ.ഉ (സാധാ) നം. 181/2020/ത.സ്വ.ഭ.വ23.01.20 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന ധനസഹായങ്ങളുടെ ഗുണഭോക്താക്കളിൽ, മാനസികവെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ എന്നതിൽ സെറിബ്രൽ പാൾസി വിഭാഗത്തിലുൾപ്പെടുന്നവരെ കൂടെ പ്രത്യേകമായി ചേർത്ത് ഉത്തരവായിട്ടുള്ളതാണ്.

1863550/- രൂപ അടങ്കൽ തുക ആയിട്ടുള്ള ടി പ്രോജക്ടിൽ 762600/-രൂപ മാത്രമാണ് ചിലവഴിച്ചിട്ടുള്ളത്. പ്രസ്തുത പ്രോജക്ടിൽ 1100950/-രൂപ അവശേഷിച്ചിട്ടും അർഹരായവർക്ക് മുഴുവൻ തുകയും അനുവദിച്ച് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2022-2023 വർഷം മുതൽ അർഹമായ തുകനൽകി വരുന്നുണ്ട് എന്നുള്ള മറുപടിയാണ് (നം.5/08.03.2023) ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയത് .

## 1-23 വൃദ്ധജനങ്ങൾക്ക് കട്ടിൽ പദ്ധതി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല

എസ്.സി.ഡവലപ്പ്മെന്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വൃദ്ധജനങ്ങൾക്ക് കട്ടിൽ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 30/2021-2022, വൃദ്ധജനങ്ങൾക്ക് കട്ടിൽ എസ്.സി |
| അടങ്കൽ | 500000/-(500000/-വികസന ഫണ്ട് ) |
| ചെലവ് | 291448/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എസ്.സി.ഡവലപ്പ്മെന്റ് ഓഫീസർ |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം. 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന്

നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടിഡിഎസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡിഡിഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS (TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ എസ്.സി.ഡവലപ്പ്മെന്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വൃദ്ധർക്ക് കട്ടിൽ പ്രൊജക്ട് പ്രകാരം ആർട്ട്കോയിൽ (Artisans Development Co-Operative Ltd.) നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടിയിരുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞ വാങ്ങലിന് പണം നൽകിയ വേളയിൽ 2% ജി.എസ്.ടി /ടി.ഡി.എസ് നടത്താതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വോഷണത്തിന് ( നം. 26/13.03.2023) മറുപടി ലഭ്യമാക്കിയില്ല.

1-24 എസ്.സി വിദ്യാർത്ഥികളുടെ പഠന മുറി നിർമ്മാണം പൂർത്തീകരിച്ചില്ല

എസ്.സി ഡെവലപ്മെന്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 10 എസ്.സി വിദ്യാർത്ഥികൾക്ക് അവരുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതി നായി 2 ലക്ഷം രൂപയുടെ പഠന മുറി നിർമ്മിക്കുന്നതിനായി ധനസഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം.

| | |
|---|---|
| പ്രൊജക്ട് നം., പേര് | 26/2021-22 എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി |
| നിർവ്വഹണം | എസ്.സി ഡെവലപ്മെന്റ് ഓഫീസർ |
| അടങ്കൽ | 2000000/- (വികസന ഫണ്ട് - എസ് സി പി) |
| ചെലവ് | 675000/- രൂപ |

ചെലവ് വിവരം

| ബിൽ നമ്പർ / തീയതി | തുക |
|---|---|
| 22/2021-22 തീയതി : 10.02.2022 | 50000 |
| 23/2021-22 തീയതി : 19.02.2022 | 150000 |
| 34/2021-22 തീയതി : 16.03.2022 | 50000 |
| 39/2021-22 തീയതി : 18.03.2022 | 50000 |
| 42/2021-22 തീയതി : 21.03.2022 | 50000 |
| 43/2021-22 തീയതി : 23.03.2022 | 75000 |
| 46/2021-22 തീയതി : 23.03.2022 | 50000 |
| 58/2021-22 തീയതി:27.03.2022 | 50000 |
| 60/2021-22 തീയതി:31,03,2022 | 75000 |
| 62/2021-22 തീയതി:31.03.2022 | 75000 |
| ആകെ | 675000 |

താഴെ പറയുന്ന വിദ്യാർത്ഥികൾ നാളിതു വരെ പഠന മുറി നിർമ്മാണം പൂർത്തീകരിക്കുകയോ അവസാന ഗഡു കൈപ്പറ്റുകയോ ചെയ്തിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | ഗുണഭോക്താ വിന്റെ പേര് | തൻവർഷം കൈപ്പറ്റിയ തുക |
|---|---|---|
| 1 | അർജ്ജുൻ S/o പ്രസാദ്, മുണ്ടമുക, ഗണേശ്ഗിരി | 175000/- |
| 2 | ആദർശ്.ഒ.പി S/o ബാലസുബ്രഹ്മണ്യൻ, കല്ലിപ്പാടം, ഷൊർണ്ണൂർ | 175000/- |
| 3 | ശ്രീരാഗ്,കെ.എസ് S/o സുരേഷ് ബാബു, ഗണേശ്ഗിരി, ഷൊർണ്ണൂർ | 175000/- |

ഗുണഭോക്താക്കളുമായുള്ള കരാർ പ്രകാരം 31.03.2022 ന് മുമ്പായി പഠന മുറി നിർമ്മിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ വിദ്യാർത്ഥികൾ നാളിതു വരെ നിർമ്മാണം പൂർത്തീകരിക്കുകയോ അവസാന ഗഡു തുക കൈപ്പറ്റുകയോ ചെയ്യാത്തതിനുള്ള കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/14.03.2023)മറുപടി ലഭ്യമാക്കിയില്ല.

1-25 ഹെൽത്ത് സൂപ്പർ വൈസർ - ഗുണഭോക്തൃവിഹിതം നൽകിയത് -ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല

ഹെൽത്ത് സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഭയിൽ ഗാർഹിക മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി ഡിപിആർ പ്രകാരം ബയോ കംപോസ്റ്റർ ബിൻ എന്ന പ്രൊജക്ട്

നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം പ്രൊജക്ടിൽ ഉൾപ്പെടുത്തുകയും പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ടിന്റെ വിഭവ സ്രോതസ് കണക്കാക്കിയതിൽ ഗുണഭോക്തൃവിഹിതം നഗരസഭയിൽ അടവാക്കുന്നതായാണ് വിഭാവനം ചെയ്തിരിക്കുന്നത് . ഗുണഭോക്താക്കൾ നേരിട്ട് നഗരസഭയിൽ അടവാക്കിയ ഗുണഭോക്തൃവിഹിതം ബയോ കംപോസ്റ്റർ ബിൻ വിതരണം ചെയ്ത ഐആർടിസി ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം ചെലവഴിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് പത്രികകളിൽ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം പദ്ധതികളുടെ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർ വൈസർ |
|---|---|
| പ്രോജക്ട് | 150/22 - ബയോബിൻ |
| അടങ്കൽ | 405000/- വികസന ഫണ്ട് |
| | 45000/- ഗുണഭോക്തൃ വിഹിതം |
| | ആകെ - 450000/- |
| ചെലവ് | 243000/- വികസന ഫണ്ട് |
| | 40140/- ഗുണഭോക്തൃ വിഹിതം |

ഗുണഭോക്തൃ വിഹിതമായി 40140/- രൂപ ചെലവഴിച്ചത് സുലേഖ സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 37/15.03.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-26 ബയോ കംപോസ്റ്റർ ബിൻ പ്രൊജക്ട് - ഗുണഭോക്തൃവിഹിതം- മുഴുവൻ പേരും അടവാക്കിയില്ല

ഹെൽത്ത് സൂപ്പർ വൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഭയിൽ ഗാർഹിക മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി ഡിപിആർ പ്രകാരം ബയോ കംപോസ്റ്റർ ബിൻ എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം പ്രോജക്ടിൽ ഉൾപ്പെടുത്തുകയും പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് സൂപ്പർ വൈസർ |
|---|---|
| പ്രോജക്ട് | 150/22 - ബയോബിൻ |
| അടങ്കൽ | 405000/- വികസന ഫണ്ട് |
| | 45000/- ഗുണഭോക്തൃ വിഹിതം |
| | ആകെ - 450000/- |
| ചെലവ് | 243000/- വികസന ഫണ്ട് |

ഒരു ബയോ കംപോസ്റ്റർ ബിന്നിന് 1800/- രൂപ നിരക്കിൽ 90% നഗരസഭ വിഹിതവും 10% ഗുണഭോക്തൃവിഹിതവുമാണ്. ഐആർടിസി മുഖേനയാണ് പ്രോജക്ട് നടപ്പിലാക്കിയത്.

ഐആർടിസി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 250 ഗുണഭോക്താക്കൾക്കായി താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം ബയോ കംപോസ്റ്റർ ബിൻ വിതരണം നടത്തിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ /തീയതി | എണ്ണം | തുക | കുറിപ്പ് |
|---|---|---|---|
| 270/24.03.2022 | 53 | 95400 | |
| B2B374/23.03.2022 | 197 | 354600 | |
| | ആകെ | 450000 | |

180/- രൂപ ഗുണഭോക്തൃവിഹിതം അടവാക്കിയ 223 ഗുണഭോക്താക്കൾക്ക് ബയോ കംപോസ്റ്റർ ബിൻ വിതരണം നടത്തുകയുണ്ടായി. എന്നാൽ 27 പേർ ഗുണഭോക്തൃവിഹിതം അടവാക്കാതെ പദ്ധതിയിൽ നിന്ന് പിൻമാറുകയാണുണ്ടായത്. അതിനാൽ ഐആർടിസി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന് ഗുണഭോക്തൃവിഹിത ഇനത്തിൽ ലഭിക്കേണ്ട മുഴുവൻ തുകയും അനുവദിച്ചിട്ടില്ല. 27 ബയോ കംപോസ്റ്റർ ബിൻ വിതരണം നടത്താതെ നഗരസഭയിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വോഷണത്തിന് (നം.39/15.03.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-27 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധന കൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേ ണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. ആയത് ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വഷണം നം. 28 /14-03-2023 കാണുക)

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് നൽകിയത്/ ഭരണ സമിതി തീരുമാനം | എഗ്രിമെന്റ് തീയതി/ കരാറു കാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1. | കൊട്ടാരം 26)ാ മൈൽ റോഡ് റീടാറിംങ് (പ്രോജ.നം.SO 199/21-22) PAC-109980/- ബിൽ നം.3/12-10-21 തുക-108545/- | 07/29-06-2020 | 32/ 13-08-2020 അനിൽ കുമാർഎം | 1099/- |
| 2 | ശ്മശാനം ബൈലൈൻ റോഡ് കോൺക്രീറ്റ് & കൾവർട്ട് (പ്രോജ.നം .SO.183/21-22) PAC-768162/- ബിൽ നം.5/12-10-21 തുക-93927/- | 07/29-06-2020 | 23/ 12-08-2020 പി.റിനിൽ ബാബു | 7681 |
| 3 | മാർക്കറ്റിന് പുറകുവശം ക്രിസ്ത്യൻ പള്ളി മുതൽ കോൺവെന്റ് റോഡ് വരെ റീടാറിംങ്,സുതാര്യ കണ്ണാശുപത്രി റോഡ് റീ ടാറിംങ്, KVRപുറകുവശം റോഡ് ഡ്രൈനേജ് & റീടാറിംങ് (S.O 168/ 21-22) PAC-897913 ബിൽ നം.9/26-10-21 തുക-440000/- ബിൽ നം.9/26-10-21 തുക-24522/- | 1/23-1-2020 | 162/ 14-3-2020 A.M.യൂസുഫ് | 8979 |
| | | | ആകെ | 17759/- |

1-28 മരാമത്ത് പ്രവൃത്തികൾ - പ്രവർത്തി പൂർത്തീകരണം -സമയം ദീർഘിപ്പിച്ചതിന് ഫൈൻ ഈടാക്കിയിട്ടില്ല.

മുൻസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായിട്ടുള്ള മരാമത്ത് പ്രവർത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഇതു സംബന്ധിച്ച സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല എന്നും നിയമപ്രകാരമുള്ള പിഴ നിശ്ചിതനിരക്കിൽ ഈടാക്കിയിട്ടില്ല എന്നും ബോധ്യപ്പെട്ടു. പ്രവൃത്തികളിൽ പൂർത്തീകരണം ദീർഘിപ്പിച്ചതിന് എഗ്രിമെന്റ് കാലയളവിനുള്ളിൽ മതിയായ മുദ്ര പത്രത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. നിയമാനുസൃത പിഴ ചുമത്താതിരുന്നതു മൂലം നഗരസഭയ്ക്ക് പിഴ ഇനത്തിൽ തനതുഫണ്ടിന് വരുമാന നഷ്ടവുമുണ്ടായി. 2012 ലെ ജി.ഒ.(പി) 13/2012/PWD/01.02.2012 നമ്പറായുള്ള കേരള പി.ഡബ്ള്യ.ഡി മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല. കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ശുപാർശയോടെ ഭരണസമിതി തീരുമാനത്തോടെ ഫൈൻ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഇതു സംബന്ധിച്ച് നടപടിക്രമങ്ങളുടെ രേഖകൾ അപൂർണ്ണമാണ്. പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ

അനധികൃതമാണ്.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റേതായ കാരണങ്ങളാൽ ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. മേൽ ഉത്തരവ് പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിന്ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് (അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ്) പിഴ പി.എ.സിയുടെ 1% (കുറഞ്ഞത് 1000 രൂപ കൂടിയത് 50000 രൂപ), ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% (കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപ) എന്നിങ്ങനെ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. സ.ഉ.(സാധാ) നം.1444/2021 /തസ്വഭവ തിയതി, 31-7-2021 പ്രകാരം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവൃത്തികളുടെ കാലാവധി പിഴയില്ലാതെ 6 മാസം നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ മേൽ കാലാവധിക്കുള്ളിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല വിശദ വിവരം ചുവടെചേർക്കുന്നു. തുക നഗരസഭയുടെ തനതു ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം. (1) | പ്രവൃത്തിയുടെ വിവരം | 120/22 ഷൊർണൂർ ബസ് സ്റ്റാന്റ് ബിൽഡിംഗ് മെയിന്റനൻസ് (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ | 302000 -ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2 | PAC | 301675 |
| 3 | കരാറുകാരൻ | എം.രാജേഷ് |
| 4 | സാങ്കേതികാനുമതി | LSGD/TS/ 2018-19/128640/ 02.12.2018 (6 മാസം) |
| 5 | എഗ്രിമെന്റ് നം. | 03/19-20 തീ.16.08.2019 |
| 6 | പാർട്ട് ബിൽ | 580/30.03.2021 - 53963രൂപ |
| 7 | ബിൽ / വൗച്ചർ നം. | 92/22 തീ.30.03.2022 - 52444 രൂപ |
| 8 | എം.ബുക്ക് നം. | 754/18-19 |
| 9 | പൂർത്തീകരിക്കേണ്ട തീയ്യതി | 15.02.2020 |
| 10 | പൂർത്തീകരിച്ച തീയ്യതി | 22.03.2022 (അവസാന ചെക്ക് മെഷർ) |
| 11 | ഈടാക്കേണ്ടത് (3%) | 9050 (15.02.2020 മുതൽ 31-03-2020 വരെ 1%=3017, 16-03-2020 മുതൽ 22-03-2022 വരെ 2%= 6033) |
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 9050 |

കുറിപ്പ് * 16.08.2019ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ഇ1-16748/18 തീ.01.10.2021 പ്രകാരം കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. ടിയാൻ മറുപടി നൽകിയതായോ, പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ചതായോ കാണുന്നില്ല. അനുവദനീയമായ പരിധിയിൽ അധികരിച്ച് കാലാവധി ദീർഘിപ്പിച്ച നൽകിയത് പൊതുമരാമത്ത് മാന്വലിന്റെ ലംഘനമാണ്.

| ക്രമ നം (2) | പ്രവൃത്തിയുടെ വിവരം | 128/22- പ്രീ മെട്രിക് ഹോസ്റ്റൽ മീറ്റിംഗ് ഹാൾ ബിൽഡിംഗ് പൂർത്തീകരണം (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ | 700000 രൂപ-വികസനഫണ്ട് (എസ്.സി.പി) |
| 2 | PAC | 625000 രൂപ |
| 3 | കരാറുകാരൻ | പരമേശ്വരൻ.കെ |
| 4 | സാങ്കേതികാനുമതി | LSGD/TS/2020-21/67004/21.06.2020 (3 മാസം) |
| 5 | എഗ്രിമെന്റ് നം. | 77/20-21തീ.05.11.2020 |
| 6 | പാർട്ട് ബിൽ | 584/30.03.2021- 197733 രൂപ |

| | | |
|---|---|---|
| 7 | ബിൽ / വൗച്ചർ നം. | 1) 12/22 തീ 29.10.2021-168681 രൂപ<br>2) 48/22 തീ.18.03.2022- 244438രൂപ |
| 8 | എം.ബുക്ക് നം. | 989/20-21, 1112/20-21 |
| 9 | പൂർത്തീകരിക്കേണ്ട തീയ്യതി | 04.02.2020 |
| 10 | പൂർത്തീകരിച്ച തീയ്യതി | 25.02.2022(അവസാന ചെക്ക് മെഷർ) |
| 11 | ഈടാക്കേണ്ടത് (3%) | 18750 (04.02.2020 മുതൽ 26.02.2020 വരെ 1%=6250, 27.02.2020 മുതൽ 25.02.2022 2%=12500) |
| 12 | ഈടാക്കിയത് | 0 |
| 13 | കുറവ് | 18750 |

കുറിപ്പ് * 05.11.2020 ന് സൈറ്റ് ഏറ്റെടുത്തതായി കരാറുകാരന്റെ കൈപ്പറ്റ് രസീതി ഉണ്ട്. പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ, പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ചതായോ കാണുന്നില്ല. അനുവദിനീയമായ പരിധിയിൽ അധികരിച്ച് കാലാവധി ദീർഘിപ്പിച്ച് നൽകിയത് പൊതുമരാമത്ത് മാനുവലിന്റെ ലംഘനമാണ്. ആകെ ഈടാക്കേണ്ട തുക 27800/- രൂപ (9050+18750) രൂപ കരാറുകാരിൽനിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി തനത്ഫണ്ടിൽ ഒടുക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 31 /14-03-2023 കാണുക)

### 1-29 തെരുവു വിളക്ക് മെയിന്റനൻസ്- അധിക നിരക്കിൽ ജി.എസ്.ടി തുക നൽകി

2017 ലെ കേന്ദ്ര ചരക്കു സേവന നിയമം , സെക്ഷൻ (2) Clause (119) പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് Total Value Of Work Done ന്റെ 12 % തുകയാണ് GST ഇനത്തിൽ കൂട്ടി നൽകേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷത്തിൽ തെരുവു വിളക്ക് മെയിന്റനൻസ് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് പ്രവൃത്തി മൂല്യത്തിന്റെ 18% തുക GST നൽകിയതിലൂടെ 50845 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. 269/22 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പ്രോജക്ടിന്റെ ഭാഗമായി ഇതേ കരാറുകാരന് 12% നിരക്കിലാണ് GST തുക നൽകിയിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 138/22 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | 1000000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| കരാറുകാരൻ | എം.ഗോപിനാഥൻ ,അമ്മേത്ത് ഹൌസ് കല്ലിപ്പാടം മേലേക്കാട് ഷൊർണൂർ |
| ബിൽ നം | 1) 215/18.01.2022-686819 രൂപ (Pfms Id CO12254725822/02.02.22)<br>2) 308/09.03.2022-136962 രൂപ (Pfms Id CO12254725822/02.02.22)<br>3)341/18.03.2022- 176174 രൂപ (Pfms Id CO32244710196/23.03.22)<br>ആകെ 999955 രൂപ |
| എഗ്രിമെന്റ് നം. | ഇ3/04/2021-22 തീയതി 29.09.2021 |
| ഇൻവോയ്സ് നം. | 1) 84/04.01.2022- 686819 രൂപ (582050+18% GST)<br>2) 95/04.02.2022- 136962 രൂപ (116070+18% GST)<br>2) 111/14.03.2022- 176174 രൂപ (149300+18%GST) |

പ്രസ്തുത പ്രവൃത്തികളുടെ ബിൽ നൽകിയതിൽ അധിക നിരക്കിൽ ജി.എസ്.ടി തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജി.എസ്.ടി അധികം നൽകിയതുമൂലമുണ്ടായ നഷ്ടം | | | |
|---|---|---|---|
| ഇൻവോയ്സ് നം.തീയതി | 84/04.01.2022 | 95/04.02.2022 | 111/14.03.2022 |
| ആകെ പ്രവൃത്തി മൂല്യം | 582050 | 116070 | 149300 |
| ജി.എസ്.ടി നൽകിയത് @ 18% | 104769 | 20892 | 26874 |
| ജി.എസ്.ടി നൽകാവുന്നത് @ 12% | 69846 | 13928 | 17916 |

| | | | |
|---|---|---|---|
| അധികം നൽകിയ തുക | 34923 | 6964 | 8958 |

അധിക നിരക്കിൽ GST നൽകിയതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/10.03.2023) ടിയാനിൽനിന്നും റിടെൻഷൻ ഇനത്തിൽ കുറവ് ചെയ്ത തുകകളിൽനിന്ന് GST ഇനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കുന്നതുവരെ 50845 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* മരാമത്ത് പ്രവൃത്തികളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്.

* അധികം നൽകിയ 50845 രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി

നഗരസഭ ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | 109/22 നഗരസഭ ഓഫീസ് കോൺഫറൻസ് ഹാളിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കായി ക്യാബിൻ തിരിക്കൽ | 110/22 നഗരസഭ ഓഫീസ് ക്യാബിൻ വർക്ക് പൂർത്തീകരണം |
| അടങ്കൽ | വികസന ഫണ്ട്(ജനറൽ) - 381645 രൂപ | വികസന ഫണ്ട്(ജനറൽ) - 614697 രൂപ |
| പി.എ.സി | 400000 | 693238 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| കരാറുകാരൻ | ശ്യാംജിത്ത് ആർ കിരൺ, ഭൂമിപ്രിയ ബിൽഡേഴ്സ് ഒറ്റപ്പാലം | |
| ഭരണാനുമതി | 1(1) 15.07.2021 | 1(2) 15.07.2021 |
| സാങ്കേതിക അനുമതി | ലഭ്യമല്ല | ലഭ്യമല്ല |
| ബിൽ നം. | 40/18.08.2021 -381645 രൂപ | 38/27.01.2022 -614697 രൂപ |
| എഗ്രിമെന്റ് നം. | 17/2021-22 തീ. 19.07.2021 | 32/2021-22 തീ. 16.08.2021 |

സ.ഉ(കൈ)നം. 17/2018/ത.സ്വ.ഭ.വ തീയതി: 02.02.2018 പ്രകാരമുള്ള 13-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.5.1(3) I പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 3.5.1(3) V പ്രകാരം ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ, വൈദഗ്ധ്യമേഖല കണക്കിലെടുത്ത് മറ്റു അനുയോജ്യരായ ഉദ്യോഗസ്ഥർക്കോ, പ്രോജക്ടുകളുടെ ചുമതല ഭരണ സമിതി തീരുമാന പ്രകാരം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം ലഭ്യമായിരിക്കെ , സെക്രട്ടറി മേൽ പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തി.

സ.ഉ (കൈ)നം 22/2017/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളിൽ സ.ഉ.(പി) നം 259/2010 /ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവ്(ആർ.ടി) നം 1288/2015/LSGD Dt.30.04.15,GO(p) 524/2015/fin Dt.17.11.15 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവുംഅതിന് മുകളിലുള്ള എല്ലാ പ്രവർത്തികളും ഇ-ടെണ്ടർ മുഖാന്തിരം മാത്രമേ നിർവ്വഹിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിന് വിരുദ്ധമായി പ്രോജക്ടുകൾ നടപ്പിലാക്കി

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയതായോ, സാങ്കേതിക അനുമതി ലഭ്യമാക്കിയതായോ, അളവ് പുസ്തകത്തിൽ മൂല്യനിർണ്ണയം രേഖപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/10.03.2023) സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കും, ഓഫീസിൽ ക്യാബിൻ തിരിക്കുന്ന പ്രവൃത്തികൾക്കും ക്യാബിൻ, ഇന്റീരിയർ ഡിസൈൻ എന്നിവ ചെയ്യേണ്ടതിനാൽ ഉപയോഗിക്കുന്ന മെറ്റീരിയലുകളുടെ തരം എന്നിവ ഉൾപ്പെടുത്തിയ ടെക്നിക്കൽ ബിഡ്, ഫിനാൻഷ്യൽ ബിഡ് എന്നിവ പ്രത്യേകം താല്പര്യപത്രം ക്ഷണിച്ചാണ് നടത്തിയിട്ടുള്ളത് .ബിഡുകൾ സ്റ്റിയറിംഗ് കമ്മിറ്റി, സെക്രട്ടറി, എഞ്ചിനീയർ എന്നിവർ ഉൾപ്പെടുന്ന സാങ്കേതിക സമിതി അംഗീകരിക്കുകയും ചെയ്തതിനുശേഷമാണ് പ്രവൃത്തി

നിർവ്വഹിച്ചിട്ടുള്ളതെന്നും മരാമത്ത് പ്രവൃത്തികളുടെ ഭാഗമായുള്ള നിർമ്മാണങ്ങളോ, ഇന്റീരിയർ ഡിസൈൻ സംബന്ധിച്ച് വ്യക്തമായ രൂപരേഖ ഇല്ലാത്തതിനാലാണ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കാതെ വന്നതെന്നും മറുപടി നൽകിയിട്ടുണ്ട്.

ബി) അധിക നിരക്കിൽ ജി .എസ്.ടി തുക നൽകി

2017 ലെ കേന്ദ്ര ചരക്ക സേവന നിയമം ,സെക്ഷൻ (2) Clause (119 )പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് Total Value Of Work Done ന്റെ 12 % തുകയാണ് GST ഇനത്തിൽ കൂട്ടി നൽകേണ്ടത് . എന്നാൽ കരാറുകാരന് പ്രവൃത്തി മൂല്യത്തിന്റെ 18% തുക GST നൽകിയതിലൂടെ 50660 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തികളുടെ ഫൈനൽ ബിൽ നൽകിയതിൽ അധിക നിരക്കിൽ ജി.എസ്.ടി തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | നഗരസഭ ഓഫീസ് കോൺഫറൻസ് ഹാളിൽ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കായി ക്യാബിൻ തിരിക്കൽ | നഗരസഭ ഓഫീസ് ക്യാബിൻ വർക്ക് പൂർത്തീകരണം |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 323428 രൂപ | 520930 രൂപ |
| കൂട്ടുക ജി.എസ്.ടി@ 18% | 58217 രൂപ | 93767 രൂപ |
| ആകെ | 381645 രൂപ | 614697 രൂപ |
| കരാറുകാരന് നൽകിയ തുക | 337172 രൂപ | 534835 രൂപ |
| ജി.എസ്.ടി അധികം നൽകിയതുമൂലമുണ്ടായ നഷ്ടം | | |
| ജി.എസ്.ടി നൽകിയത് @ 18% | 58217 രൂപ | 93767 രൂപ |
| ജി.എസ്.ടി നൽകാവുന്നത് @ 12% | 38812 രൂപ | 62512 രൂപ |
| അധികം നൽകിയ തുക | 19405 രൂപ | 31255 രൂപ |

പദ്ധതി മാർഗരേഖ, പൊതുമരാമത്ത് മാന്വൽ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തി നിർവ്വഹിച്ചതിനും, അധിക നിരക്കിൽ GST നൽകിയതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/10.03.2023) ടിയാനിൽനിന്നും റിടെൻഷൻ ഇനത്തിൽ കുറവ് ചെയ്ത തുകകളിൽനിന്ന് (32393+52093= 84436) GST ഇനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കുന്നതുവരെ 50660 രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* അധികം നൽകിയ 50660 രൂപ (19405+ 31255) ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

* ഫൈനൽ ബിൽ നൽകുമ്പോൾ നിയമാനുസൃത നിരക്കിലുള്ള നികുതികൾ കുറവ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

* മരാമത്ത് പ്രവൃത്തികൾ എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹിക്കേണ്ടതാണ്.

* പൊതുമരാമത്ത് ചട്ടങ്ങൾ അനുസരിച്ച് മാത്രം നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കേണ്ടതാണ്.

* വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് മാർഗരേഖ, സ്റ്റോർ പർചേയ്സ് മാന്വൽ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1-31 ടൌൺഹാൾ പൂർത്തീകരണം നടപടിക്രമങ്ങൾ പാലിക്കാതെ അക്രഡിറ്റഡ് ഏജൻസിയെ ഏല്പിച്ചു.

2015-16 വർഷത്തിൽ (121/16) ടൌൺ ഹാൾ നിർമ്മാണം എന്ന പ്രോജക്ടിന്റെ ഭാഗമായി സ്ട്രക്ചറൽ പ്രവൃത്തി പൂർത്തിയായ കെട്ടിടത്തിന്റെ മുകളിൽ ഒരു നില കൂടി ചേർത്ത് നിർമ്മാണം പൂർത്തീകരിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ബഹുവർഷ പ്രോജക്ട് ആയിട്ടാണ് ടൗൺഹാൾ പൂർത്തീകരണം വിഭാവനം ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 142/22 ടൌൺഹാൾ പൂർത്തീകരണം |
| അടങ്കൽ | 5000000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| നിർവ്വഹണ ഏജൻസി: | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (SILK) |

| | |
|---|---|
| ഭരണാനമതി | 01/29.07.2021 |
| സാങ്കേതിക അനമതി | SILK/TS/CD/2021-22/193/10.01.2022 (10മാസം) |
| ബിൽ നം | 415/216.03.2022 - 5000000 രൂപ (Pfms Id CO32269154510/26.03.22) |
| എഗ്രിമെന്റ് നം. | 64/21-22 തീയതി. 21.01.2022 |
| എം.ബുക്ക് | 1) SILK/PED/665 A/567/21-22<br>2) SILK/PED/665 B/567/21-22 |
| കരാറുകാരൻ | മുസ്തഫ.കെടി,കുണ്ടിൽ ഹൌസ് വടക്കുമുറി മലപ്പുറം ജില്ല |
| APAC | 12459456 + GST |

അക്രഡിറ്റഡ് ഏജൻസി മാർഗ്ഗരേഖ സ.ഉ(പി)നം.311/14/ഫിൻ/30.7.2014 ലെ അനക്സർ II ഖണ്ഡിക 1 ൽ സ്വന്തമായി എഞ്ചിനീയറിങ് വിഭാഗമുള്ള സ്ഥാപനങ്ങൾക്ക് തങ്ങളുടെ എഞ്ചിനീയറിങ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാറിന്റെ മുൻകൂർ അനമതിയോടെ മാത്രം അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

01/29.07.2021 പ്രകാരമുള്ള ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ SILK/45/OSF/CD/2021-22/831 തീ 17.11.2021 പ്രകാരം 15155000 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും 30.12.2021 ലെ 12ാം നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് അംഗീകരിക്കുകയും 04.01.2022 ന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ജി.ഒ.(പി)നം. 77/2019/Fin തിയതി, 04.07.2019, ജി.ഒ.(പി)നം. 92/2022/Fin തിയതി, 22.08.2022 എന്നീ ഉത്തരവുകൾ പ്രകാരം SILK ന് General Civil Construction Work കൾ PMC യായി ഏറ്റെടുക്കുന്നതിന് ആണ് അനമതി നൽകിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം SILK, മുസ്തഫ.കെടി, കുണ്ടിൽ ഹൗസ് വടക്കുമുറി എന്നയാളെയാണ് ഏല്പിച്ചിട്ടുള്ളത്. ശ്രീ.മുസ്തഫ SILK മായി കരാർ ചമച്ചതിന്റെ പകർപ്പ് ഫയലിൽ ഇല്ല.

സ.ഉ(കൈ)നം. 17/2018/ത.സ്വ.ഭ.വ തീയതി: 02.02.2018 പ്രകാരമുള്ള 13-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.5.1(3) I പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 3.5.1(3) V പ്രകാരം ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ, വൈദഗ്ധ്യമേഖല കണക്കിലെടുത്ത് മറ്റു അനുയോജ്യരായ ഉദ്യോഗസ്ഥർക്കോ, പ്രോജക്ടുകളുടെ ചുമതല ഭരണ സമിതി തീരുമാന പ്രകാരം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം ലഭ്യമായിരിക്കെ , സെക്രട്ടറി മേൽ പ്രൊജക്ടിന്റെ നിർവ്വഹണം നടത്തി.

ജി.ഒ.(പി)നം. 95/2017/Fin തിയതി, 25.7.2017 ഉത്തരവിലെ ഖണ്ഡിക (3)3 പ്രകാരം സാങ്കേതിക ആവശ്യകതകളും സെന്റേജ് ചാർജ് മുതലായവയും അടിസ്ഥാനമാക്കി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും ഒരു ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി ഭരണ വകുപ്പ് നീതിപൂർവ്വവും മത്സരാധിഷ്ഠിതവുമായ ബിഡ്ഡിംഗ് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ഉത്തരവിനു വിരുദ്ധമായി പ്രവൃത്തി SILK എന്ന സ്ഥാപനത്തെ നേരിട്ട് ഏൽപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ബിഡ്ഡിങ്ങ് നടപടികൾ സ്വീകരിക്കാതെ പ്രവൃത്തി SILK നെ ഏൽപ്പിച്ചു.

പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപറയുന്നവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

* PMC യായി പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സെന്റേജ് ചാർജ്ജിന് മാത്രം അർഹതയുള്ളപ്പോൾ മുൻകൂർ തുക നൽകി

* SILK നഗരസഭയുമായി ചമച്ച കരാറിലെ ഖണ്ഡിക നം.7 പ്രകാരം പ്രവൃത്തികളുടെ പുരോഗതിയനുസരിച്ച് ബില്ലുകൾ നൽകുന്നമുറയ്ക്ക് തുക നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനു വിരുദ്ധമായി മുൻകൂർ തുക നൽകിയതായി കാണുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/13.03.2023) നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്ന ടൌൺഹാൾ പ്രവർത്തനക്ഷമമാക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് 5000000 രൂപ ഉപയോഗിച്ച് മാത്രം പ്രവൃത്തി പൂർത്തീകരണം സാധ്യമാവുകയില്ല എന്നതിനാൽ സാങ്കേതിക അനുമതി ലഭിക്കുന്നതിന് പ്രയാസം നേരിടുന്നതായി എഞ്ചിനീയറിംഗ് വിഭാഗം അറിയിച്ചതിനെ തുടർന്ന് , M L A ഫണ്ട് ഉപയോഗിച്ച് നഗരസഭയുടെ പുതിയ ഓഫീസ് കെട്ടിടം നിർമ്മിച്ച അക്രെഡിറ്റഡ് ഏജൻസിയായ SILK നെ ഏൽപ്പിച്ചതെന്നും ,തുക ലാപ്സായി പോകാതിരിക്കാനാണ് മുൻകർ തുക നൽകിയതെന്നും പ്രവൃത്തിയുടെ പുരോഗതിയനുസരിച്ച് സമർപ്പിക്കുന്ന ബില്ലുകളിൽനിന്ന് മുൻകൂർ ആയി നൽകിയ തുകയുടെ 20% വീതം കുറവ് വരുത്തിയാണ് തുക നൽകുന്നതെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പദ്ധതി മാർഗരേഖ., ജി.ഒ.(പി)നം. 95/2017/Fin തിയതി, 25.7.2017 എന്നിവയിലെ നിരദ്ദേശങ്ങൽ കർശനമായി പാലിച്ചുകൊണ്ട് മാത്രം മരാമത്ത് പ്രവൃത്തികൾ അക്രെഡിറ്റഡ് ഏജൻസികളെ ഏല്പിക്കേണ്ടതാണ്.

* പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

* ഫൈനൽ ബിൽ നൽകമ്പോൾ നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-32 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 99, ജി.ഓ(പി) നം.419/11/ഫിൻ.തീയതി 04.10.2011 എന്നിവ പ്രകാരം മുൻകൂർ നൽകിയ തുകകൾ 3 മാസത്തിനകം ക്രമീകരിക്കാത്തപക്ഷം, തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.
വിവിധ ആവശ്യങ്ങൾക്കായി നിർവ്വഹണോദ്യോഗസ്ഥർക്ക് തൻവർഷത്തിൽ നൽകിയിട്ടുള്ള മുൻകൂർ തുകകൾ നാളിതുവരെയായും ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | തുക കൈപ്പറ്റിയ വ്യക്തി | ഇനം | വൗച്ചർ നം / ചെക്ക് നം | തുക |
|---|---|---|---|---|
| 1 | കിരൺകുമാർ.ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | എം.സി.എഫ് പ്രവർത്തനങ്ങൾ-PH/E1/12040/16 | 22101420/ 04.03.22 | 60000 |
| 2 | റഷീദുദ്ധീൻ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | എം.സി.എഫ് ഉത്ഘാടന ചെലവുകൾ PH/E1/12040/16 | 22101497/ 16.03.22 | 100000 |
| 3 | കിരൺകുമാർ.ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | ആഫ്രിക്കൻ ഒച്ച് ശല്യം-ഉപ്പ് വാങ്ങുന്നതിന് PH 1-7560/21 | 22100334/ 02.08.21 | 15000 |
| 4 | കിരൺകുമാർ.ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | സ്വാതന്ത്ര്യദിനാഘോഷം C1-9756/05 | 22100364/ 09.08.2021 | 50000 |

മുൻവർഷങ്ങളിൽ നൽകിയതും നാളിതുവരെയായി ക്രമീകരിക്കാത്ത മുൻകൂർ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു (അഡ്വാൻസ് രജിസ്റ്റർ പ്രകാരം)

| ക്രമ നം. | ഫയൽ നം | ഇനം | കൈപ്പറ്റിയത് | തുക |
|---|---|---|---|---|
| 1 | 78/29.04.205 | - | പി.എസ് സുരേഷ് മുൻസിപ്പൽ എഞ്ചിനീയർ | 6000 |
| 2 | 404/20.09.2005 | ഇലക്ഷൻ | പി.എസ് സുരേഷ് മുൻസിപ്പൽ എഞ്ചിനീയർ | 8000 |
| 3 | 212/20.07.2006 | - | എൻ.ലാലു സെക്രട്ടറി | 3406 |
| 4 | 538/05.12.2008 | ഇലക്ഷൻ | ടി.വി.ഉണ്ണികൃഷ്ണൻ. മുൻസിപ്പൽ എഞ്ചിനീയർ | 20000 |
| 5 | 641/22.12.2009 | - | കെ.ഗോപാലകൃഷ്ണൻ, പി.ഡബ്ല്യു ഓ II | 15000 |
| 6 | 238/05.08.2011 | - | വിനോദ് ബാലകൃഷ്ണൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 11 | 10000 |
| 7 | PH/8463/11 | - | സജീഷ് മോൻ | 15000 |
| 8 | R4-13184/2011 | സ്റ്റോർ സാധനങ്ങൾ | കെ.വി.ഷീല | 5000 |
| 9 | PH-1/4830/13 | മുൻസിപ്പൽ കിണർ റിപ്പയർ | വിനോദ് ബാലകൃഷ്ണൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 25000 |
| 10 | PH-1/5561/14 | ട്രഞ്ചിംഗ് ഗ്രൌണ്ട് | വിനോദ് ബാലകൃഷ്ണൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 15000 |
| 11 | PH-1/5798/14 | മരം മുറി ഗണേശ് ഗിരി സ്കൂൾ | സജീഷ് മോൻ | 5000 |
| 12 | PH-1/5561/14 | ട്രഞ്ചിംഗ് ഗ്രൌണ്ട് | വിനോദ് ബാലകൃഷ്ണൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 15000 |
| 13 | PH-1/5561/14 | ട്രഞ്ചിംഗ് ഗ്രൌണ്ട് | വിനോദ് ബാലകൃഷ്ണൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | 5000 |
| 14 | R4-13184/14 | - | സുധ.വി | 1300 |

| | | | | |
|---|---|---|---|---|
| 15 | R2-6190/15 | - | വി.എം.ലീലാച്ചൻ | 5000 |
| 16 | PH-1/3545/10 | ബാറ്ററി വാങ്ങൽ | ആയ്യപ്പൻ | 5000 |
| 17 | PH-1/5149/15 | - | വിനുമോഹൻ | 2500 |
| 18 | R4-2319/2009 | കോടതിയിൽ കെട്ടി വെയ്ക്കുന്നതിന് | ശ്രുതി.പി | 7000 |
| 19 | PH-1/6659/19 | - | വിനുമോഹൻ J H I Gr II | 10000 |
| 20 | PH-1/13941/18 | പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് | ബാബു J H I Gr II | 2500 |
| 21 | PH-1/11585/19 | ഡിജിറ്റൽ മൈക്രോ മീറ്റർ | പ്രസാദ് J H I Gr I | 8000 |

മുൻകൂർ രജിസ്റ്ററിൽ ഓരോ വർഷവും സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മുൻകൂർ നൽകുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവുകളിൽ പ്രസ്തുത തുക 3 മാസത്തിനകം ക്രമീകരിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം 18% പലിശ സഹിതം തിരികെ ഈടാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18/13.03.2023) ഒന്നാം പട്ടികയിൽ പരാമർശിച്ചിട്ടുള്ള ക്രമ നം.2 ശ്രീ റഷീദുദ്ധീൻ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ന് നൽകിയ 100000 രൂപ 23.07.2022 ലെ 10ാം നം.കൌൺസിൽ തീരുമാനപ്രകാരം ക്രമീകരിക്കുന്നതിന് അനുമതിയായിട്ടുള്ളതും ആയത് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നും, ക്രമ നം.1,3,4 എന്നിവയിലെ മുൻകൂർ തുകകൾ ക്രമീകരിക്കുന്നതിന് ശ്രീ കിരൺകുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ന് നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ നൽകിയ തുകകൾ ക്രമീകരിക്കുന്നതിന് 25.11.2022 ന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും തുടർ നടപടിൾ സ്വീകരിച്ച് വരുന്നതായും, രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ .

* അടിയന്തിര ആവശ്യങ്ങൾക്ക് മാത്രം മുൻകൂർ തുക നൽകുന്നത് പരിമിതപ്പെടുത്തുക

* മുൻവർഷങ്ങളിൽ നൽകിയ തുകകൾ നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

* മുൻകൂർ തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-33 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ - നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യത വർദ്ധിക്കുന്നു..

എ) കുടിശ്ശിക തുക വൻതോതിൽ വർദ്ധിക്കുന്നു

ജല അതോറിറ്റി പരിപാലിക്കുന്നതും ഷൊർണ്ണൂർ നഗരസഭാ പരിധിയിൽ ഉൾപ്പെടുന്നതുമായ 842 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിന് ജല അതോറിറ്റി എല്ലാമാസവും ഡിമാന്റ് നോട്ടീസ് നൽകുന്നുണ്ടെങ്കിലും നഗരസഭ 2019-20, 2020-21, 2021-22 വർഷങ്ങളിൽ ഈയിനത്തിൽ തുക അടവാക്കിയിട്ടില്ല. തന്മൂലം കുടിശിക വൻതോതിൽ വർദ്ധിക്കുന്നു. തൻവർഷാരംഭത്തിലേയും നിലവിലെ കുടിശികയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഏപ്രിൽ 2021 | ഏപ്രിൽ 2022 | ഫെബ്രുവരി 2023 |
|---|---|---|---|
| ഡിമാന്റ് നോട്ടീസ് | 51349/15.04.2021 | 62223/11.04.2022 | 71121/06.02.2023 |
| മുന്നിരിപ്പ് | 181547202 | 236981564 | 294460242 |
| പിഴ | 3560899 | 4648670 | 5776139 |
| തൻമാസ ഡിമാന്റ് | 580840 | 609889 | 609889 |
| ആകെ | 185688941 | 242240123 | 300846270 |

ഏപ്രിൽ 2021 ൽ കുടിശ്ശിക 185688941 രൂപയായിരുന്നത് ഫെബ്രുവരി 2023 ആയപ്പോഴേക്കും 300846270 രൂപയായി വർദ്ധിച്ചിട്ടുണ്ട്.

ബി) സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

2005-06 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ആകെ 10904008 രൂപ വെള്ളക്കരം അടവാക്കിയിട്ടുണ്ടെങ്കിലും അടവാക്കിയ തുക ഒഴിവാക്കിയാണോ നിലവിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ളതെന്ന വിവരം വ്യക്തമല്ല. കുടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കുന്നതിനായി വാട്ടർ അതോറിറ്റിയോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും തുടർ നടപടികൾ വാട്ടർ അതോറിറ്റി പൂർത്തിയാക്കിയിട്ടില്ല.

06.03.2021, 08.03.2021 എന്നീ തീയതികളിൽ 13 വാർഡുകളിൽ നടത്തിയ സംയുക്തപരിശോധന യുടെ റിപ്പോർട്ട് ഡി1-493/97/ തീ 21.06.2021 പ്രകാരം ജല അതോറിറ്റി നൽകുകയും , ആയത് പ്രകാരം ആകെ 131 ടാപ്പുകൾ മാത്രമാണ് പ്രസ്തുത വാർഡുകളിൽ പ്രവർത്തന ക്ഷമമായതെന്ന് അറിയിച്ചിട്ടുണ്ട്.

17.02.2023 മുതൽ 07.03.2023 വരെ നടത്തിയ സംയുക്ത പരിശോധനയിൽ ആകെ 552 പൊതുടാപ്പുകൾ ഉള്ളതായും 412 എണ്ണം പ്രവർത്തിക്കുന്നതായും 140 ടാപ്പുകൾ പ്രവർത്തനരഹിതമാണെന്നും ജല അതോറിറ്റി റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ സംയുക്തപരിശോധനയുടെ അടിസ്ഥാനത്തിൽ വെള്ളക്കരം നിരക്ക് പുനക്രമീകരിച്ചിട്ടില്ല. പൊതു ടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനും , സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരക്ക് ക്രമീകരിക്കുന്നതിനും, കുടിശികയിൽ ഇളവ് ലഭിക്കുന്നതിനും സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

വെള്ളക്കരം ഇനത്തിൽ ഭീമമായ തുക കുടിശിക ഉണ്ടെങ്കിലും പ്രസ്തുത തുക വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

വാട്ടർ അതോറിറ്റിയുടെ 06.03.2023 ലെ ഇ ഇ/പി.എച്ച്/ആംനെസ്റ്റി/എസ് ടി/2022 നം.കത്ത് പ്രകാരം ആംനെസ്റ്റി അദാലത്തിന്റെ ഭാഗമായി നഗരസഭയുടെ വെള്ളക്കരം കുടിശിക 300846270 രൂപയിൽനിന്നും 142073007 രൂപയായി പുനർനിർണ്ണയിക്കുകയും ആയത് 31.03.2023 നകം അടവാക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കത്തിന്റെ ഭാഗമായുള്ള 03/2023 ലെ ഡിമാന്റ് നോട്ടീസിലും ടാപ്പുകളുടെ എണ്ണം 842 തന്നെയാണ് കാണിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മാസം | മാർച്ച് 2023 |
| ഡിമാന്റ് നോട്ടീസ് | 71914/06.03.2023 |
| മുന്നിരിപ്പ് | 137898196 |
| പിഴ | 2642441 |
| തൻമാസ ഡിമാന്റ് | 1532370 |
| ആകെ | 142073007 |

വെള്ളക്കരം നിരക്ക് പ്രതിമാസം 8692 രൂപയിൽനിന്നും 21838.68 രൂപയായി വർദ്ധനവ് വരുത്തിയാണ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. സംയുക്തപരിശോധനയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 412 പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ ഡിമാന്റ് നോട്ടീസ് ലഭ്യമാക്കുന്നതിനും ആയതിനനുസരിച്ച് നിരക്ക് പുനക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നാളിതുവരെ കുടിശ്ശിക ഒടുക്കാതിരുന്നതിന്റെ കാരണവും അറിയിക്കേണ്ടതാണ്. കുടിശ്ശിക തീർപ്പാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.21/13.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഒടുക്കുന്നുള്ളു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

* ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

* കുടിശിക വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-34 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് , കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ ഷൊർണ്ണൂർ എന്നീ സ്ഥാപനങ്ങളിൽ താഴെ പറയുന്ന പ്രോജക്ടുകൾക്ക് മുൻകൂറായി തുകകൾ നിക്ഷേപിച്ചിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | ബിൽ നം. /പി.എഫ്.എം.എസ് നം | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവ് |
|---|---|---|---|
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് | | | |
| 141/22 കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് | C112150258188/06.12.21 ഷൊർണ്ണൂർ,ഇലക്ട്രിക്കൽ സെക്ഷൻ | 370367രൂപ | 323147 * 47220 രൂപയുടെ |

| | | | |
|---|---|---|---|
| | | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| പ്രവൃത്തി (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | C012219472769/19.01.22 ഓങ്ങല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ | 162132 രൂപ | 162132 രൂപ |
| | C122140406626/27.12.21 ഷൊർണ്ണൂർ,ഇലക്ട്രിക്കൽ സെക്ഷൻ | 241184 രൂപ | 241184 രൂപ |
| | C022244364211/28.02.22 ഷൊർണ്ണൂർ,ഇലക്ട്രിക്കൽ സെക്ഷൻ | 183715 രൂപ | 183715 രൂപ |
| | 381/24.03.22 ഷൊർണ്ണൂർ,ഇലക്ട്രിക്കൽ സെക്ഷൻ | 424288രൂപ | 424288 രൂപ |
| | ആകെ | 1381686രൂപ | 1334466 രൂപ |
| കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ ഷൊർണ്ണൂർ | | | |
| 157/22 വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 22/30.11.21 | 470000 രൂപ | 0 |
| | 28/18.12.21 | 150000 രൂപ | 139721 രൂപ |
| | 31/21.12.21 | 1317000രൂപ | 1165626 രൂപ |
| | 43/04.02.22 | 140000 രൂപ | 127489 രൂപ |
| | 50/11.02.22 | 3176824രൂപ | 531075 രൂപ |
| | ആകെ | 5253824 രൂപ | 1963911 രൂപ |
| 276/22 വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | C022234019842/15.02.22 | 341176 രൂപ | 0 |
| | C022250697785/03.03.22 | 500000 രൂപ | 465034 രൂപ |
| | ആകെ | 841176 രൂപ | 465034 രൂപ |
| 143/22 CHCയിലേക്ക് കുടിവെള്ളം എത്തിക്കൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 15/08.11.2021 | 820000രൂപ | 0 |

സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 പ്രകാരമുള്ള 2018-19 മുതൽ 2021-22 വരെയുള്ള പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 11.2.(3) ഡി.ii പ്രകാരം വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിനുമുൻപ് പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ കരാർ ചമച്ചതായി കാണുന്നില്ല.

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാകുന്നതിന് 19.02.2022 ന് നൽകിയ ഇ 3/7838/21 നം. കത്തിന് വാട്ടർ അതോറിറ്റി 31.05.2022 ലെ ഡി 2/193/2022-23 പ്രകാരം നൽകിയ മറുപടിയിൽ താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ടെണ്ടർ/റീ ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും ആരും തന്നെ പങ്കെടുക്കാത്തതിനാൽ പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ള തുകയിൽനിന്നും ദർഘാസുകൾക്കായി ചെലവഴിക്കേണ്ടിവന്ന തുക കുറച്ച് ബാക്കി തുക തിരികെ നഗരസഭയിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | നിക്ഷേപിച്ച തുക | ദർഘാസ് ചെലവ് | ബാക്കി |
|---|---|---|---|---|
| 1 | വാർഡ് 26 പൈപ്പ് ലൈൻ സ്ഥാപിക്കൽ (എസ്റ്റിമേറ്റ് 2021/42378) | 4300000 | 6384 | 423616 |
| 2 | വാർഡ് 24 പൈപ്പ് ലൈൻ സ്ഥാപിക്കൽ (എസ്റ്റിമേറ്റ് 2020/18484) | 1900000 | 5976 | 1894024 |
| 3 | വാർഡ് 1 പൈപ്പ് ലൈൻ സ്ഥാപിക്കൽ (എസ്റ്റിമേറ്റ് 2021/601) | 470000 | 5976 | 464024 |
| | ആകെ | 2800000 | 18336 | 2781667 |

തിരികെ ലഭിച്ച 2781667 രൂപ 02/06.2022 ന് 01/122180500010/02.06.22 നം രസീതി പ്രകാരം വരവ് വെച്ചിട്ടുണ്ട്. എസ്റ്റിമേറ്റിൽ ദർഘാസ് ചെലവ് ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കാതെ തുക നൽകിയതുമൂലം ആയതിന്മേൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയില്ല.

മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതിനും, ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാർ ചമയ്ക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.13/10.03.2023) ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

* പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നൽകേണ്ടതാണ്.

## 1-35 പ്രത്യേക കന്നുകട്ടി പരിപാലനം- പദ്ധതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

സങ്കരയിനം പശുക്കിടാങ്ങളുടെ ഉൽപ്പാദനപ്രായം രണ്ട് വർഷമായി കുറയ്ക്കുകയും പാലിന്റെ അളവ് വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന പ്രാഥമിക ലക്ഷ്യത്തോടെ 1976-ൽ ആരംഭിച്ച പദ്ധതിയാണ് സ്പെഷ്യൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം (SLBP) അഥവാ പ്രത്യേക കന്നുകട്ടി പരിപാലന പദ്ധതി. സംസ്ഥാന സർക്കാർ ആദ്യം ജില്ലാ പഞ്ചായത്തുകളിലേക്കും പിന്നീട് 2001-02 കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകളിലേക്കും നഗര തദ്ദേശ സ്ഥാപനങ്ങളിലേക്കും പദ്ധതി വ്യാപിപ്പിച്ചു. നഗരസഭയിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകട്ടി പരിപാലന പദ്ധതി രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-35-1 പദ്ധതിയിൽനിന്നും ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക തിരികെ ലഭിച്ചിട്ടില

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകട്ടി പരിപാലന പദ്ധതിയുടെ (പ്രോജക്ട് നമ്പർ-59/22) ഭാഗമായി 47 ഗുണഭോക്താക്കളുടെ നഗരസഭാ വിഹിതം 293750 രൂപ (47*6250 =293750) കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-714021400000008) നിക്ഷേപിച്ച നൽകിയിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത ചുട്ടുവാലത്തൂർ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ കന്നുകട്ടി പരിപാലന പദ്ധതിയുടെ കാലിത്തീറ്റ വിതരണ സ്റ്റോക്ക് രജിസ്റ്റർ, വ്യക്തിഗത നാൾവഴി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 47 ഗുണഭോക്താക്കൾക്ക് 2022 മെയ് മാസം മുതൽ കാലിത്തീറ്റ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന ഗുണഭോക്താവ് കാലിത്തീറ്റ വാങ്ങുന്നത് നിർത്തിയതായി വ്യക്തിഗത നാൾവഴി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് വിലാസം | കാലിത്തീറ്റ വാങ്ങിയ കാലയളവ് | നൽകിയ സബ്സിഡി തുക |
|---|---|---|---|
| 1 | പാറുക്കുട്ടി, ആമക്കാട്, കണയം | 2022 മെയ് മുതൽ 2022 ഓഗസ്റ്റ് വരെ | രേഖപ്പെടുത്തിയിട്ടില്ല |

പദ്ധതിയിൽ നിന്ന് ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക എസ്.എൽ.ബി.പി യിൽനിന്നും തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-36/15.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിൽനിന്നും ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക തിരികെ ലഭ്യമാക്കി ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

### 1-35-2 ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങുന്നത് വ്യക്തിഗത നാൾവഴി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

താഴെ പറയുന്ന ഗുണഭോക്താക്കൾ പട്ടികയിൽ രേഖപ്പെടുത്തിയ കാലയളവിന് ശേഷം കാലിത്തീറ്റ വാങ്ങിയതായി വ്യക്തിഗത നാൾവഴി രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. സബ്സിഡി നൽകിയ തുക രേഖപ്പെടുത്തുകയോ ലൈവ്സ്റ്റോക്ക് ഇൻസ്പ്കെടർ രജിസ്റ്റർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് വിലാസം | കാലിത്തീറ്റ വാങ്ങിയ കാലയളവ് | നൽകിയ സബ്സിഡി തുക |
|---|---|---|---|
| 1 | സുബൈദ, പൂവക്കുഴി,കണയം | 2022 മെയ് മുതൽ 2022ഡിസംബർ വരെ | രേഖപ്പെടുത്തിയിട്ടില്ല |
| 2 | സന്ധ്യ, ചോലയിൽ | 2022മെയ് മുതൽ 2022നവംബർ വരെ | |
| 3 | ഗീത, മേനകത്ത് | 2022 മെയ് മുതൽ 2023 ജനുവരി വരെ | |
| 4 | വേണുഗോപാലൻ, താഴത്തേതിൽ | 2022 മെയ് മുതൽ 2023 ജനുവരി വരെ | |
| 5 | സതീഷ്, പട്ടത്ത് | 2022 മെയ് മുതൽ 2023 ജനുവരി വരെ | |

ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/15.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-35-3 സ്റ്റോക്ക് രജിസ്റ്ററും വ്യക്തിഗതനാൾവഴി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല/സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കന്നുകുട്ടി പരിപാലന പരിപാടി സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2023 ജനവരി മാസത്തിൽ 35 പേർക്ക് 60 കിലോ ഗ്രാം വീതം ആകെ 2100 കിലോ ഗ്രാം കാലിത്തീറ്റ വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിതരണം ചെയ്ത വ്യക്തികളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ വ്യക്തിഗത നാൾവഴി രജിസ്റ്ററിൽ മഞ്ജു- ചൂരത്തോട്, സുബൈദ -പൂവക്കുഴി, പാറുക്കുട്ടി-ആമക്കാട് എന്നീ 3 ഗുണഭോക്താക്കൾക്ക് ഒഴികെയുള്ള ബാക്കി 44 പേർക്കും വിതരണം ചെയ്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ക്ഷീരസംഘത്തിൽ സൂക്ഷിക്കുന്ന തീറ്റയുടെ സ്റ്റോക്ക് രജിസ്റ്റർ ഓരോ തീറ്റ വിതരണ സമയത്തും ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ പരിശോധിച്ച് മേലൊപ്പ് (Counter Signature) രേഖപ്പെടുത്തേണ്ടതാണ്. ആയത് രേഖപ്പെടുത്തി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-36/15.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കാലിത്തീറ്റ വിതരണം ചെയ്യുമ്പോൾ തന്നെ വ്യക്തിഗത നാൾവഴി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-36 ചെലവുരേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| പ്രൊജക്ട് നമ്പർ, പേര് | 258, സംസ്കരിച്ച ജൈവമാലിന്യം സംഭരണം, വിതരണം |
| അടങ്കൽ | 754952<br>ഫണ്ടിനം - സി.എഫ്.സി - 314815+ കേന്ദ്രാവിഷ്കൃതം -264233 + സംസ്ഥാനാവിഷ്കൃതം - 162268<br>ആകെ - 754952 |
| ചെലവ് | 741316<br>സി.എഫ്.സി - 314815+ കേന്ദ്രാവിഷ്കൃതം -264233 + സംസ്ഥാനാവിഷ്കൃതം - 162268<br>ആകെ - 741316 |
| ബിൽ നമ്പർ തീയതി | 9/26.03.22-17700<br>10/26.03.22- 40271<br>15/30.03.22-15750<br>14/30.03.22-98114<br>6/24.03.22-142980 |
| ഓഡിറ്റ് എൻക്വയറി നമ്പർ തീയതി | 40, 15.03.23 |

സംസ്കരിച്ച ജൈവമാലിന്യം സംഭരണം, വിതരണം പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്രാവിഷ്കൃതഫണ്ടിനത്തിൽ ചെലവഴിച്ച 264233 രൂപയുടെയും സംസ്ഥാനാവിഷ്കൃതത്തിൽ ചെലവഴിച്ച 162268 രൂപയുടെയും ചെലവുരേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല. ചെലവുരേഖകൾ ഹാജരാക്കുന്നതുവരെ ചെലവുതുക 426501 രൂപ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

1-37 ജലധാര പദ്ധതി - രേഖകൾ ഹാജരാക്കാത്തവർക്കും സബ്സിഡി അനുവദിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 156, ജലധാര |
| അടങ്കൽ | 300000<br>( ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 175000 |
| ബിൽ സാങ്ക്ഷൻ ഓർഡർ നമ്പർ തീയതി | 414/26.03.22 -10000<br>342/18.03.22 – 80000<br>406/26.03.22 - 85000 |
| ഓഡിറ്റ് എൻക്വയറി നമ്പർ /തീയതി | 32 / 15.03.23 |

കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ കണക്ഷനെടുത്ത ഗുണഭോക്താക്കൾക്ക് 5000 രൂപ സബ്സിഡി നൽകുന്നതിനായിട്ടാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുള്ളത്. ആകെ 75 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട് . പദ്ധതി പ്രകാരം ഗുണഭോക്താക്കൾ ഗാർഹികകുടിവെള്ളകണക്ഷൻ എടുത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് ചെലവുതുക കൈമാറാവുന്നതാണ്. പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട അപേക്ഷകളും അനുബന്ധരേഖകളും

പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) മൊഹമ്മദ് അലി , വടക്കേതിൽ ഹൗസ് , പരുത്തിപ്ര, ഷൊർണ്ണൂർ , ഷാജു. യു. സി , കവളപ്പാറ, ഷൊർണ്ണൂർ എന്നീ ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം KWA വർക്ക് ഓർഡർ നൽകിയതിന്റെ രേഖയുണ്ടെങ്കിലും വർക്ക് പൂർത്തിയായി കണക്ഷൻ ലഭ്യമായതിന്റെ രേഖയില്ല. വാട്ടർ കണക്ഷൻ പ്രൊവിഷണൽ അപ്രൂവൽ നോട്ടീസ് , ഫീസ് അടവാക്കിയതിന്റെ രസീതി എന്നിവയില്ല.

2) താഴെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം വർക്ക് ഓർഡർ ഉണ്ട് . എന്നാൽ പേയ്മെന്റ് രസീതിയിൽ Feasibility Status - Pending എന്നും Consumer Number – Not Generated എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കൾ വർക്ക് പൂർത്തിയാക്കി കണക്ഷൻ ലഭ്യമായതിന്റെ രേഖ ഹാജരാക്കിയിട്ടില്ല.

A) – സുധ .കെ, വാക്കേത്ത് ഹൗസ് , ഗണേശഗിരി , ഷൊർണ്ണൂർ

B)- സുമേഷ്.കെ, വാക്കേത്ത് ഹൗസ് , ഗണേശഗിരി , ഷൊർണ്ണൂർ

C)- ബാബു.കെ. കവളപ്പാറ, ഷൊർണ്ണൂർ

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം – 32 / 15.03.23) മറുപടി ലഭ്യമാക്കിയില്ല.

ഗാർഹിക കുടിവെള്ളകണക്ഷൻ എടുത്ത ഗുണഭോക്താക്കൾക്കു മാത്രമാണ് കുടിവെള്ള കണക്ഷന് സബ്സിഡി നൽകിയിട്ടുള്ളത് എന്നു ഉറപ്പു വരുത്തുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-38 അഗതിരഹിതകേരളം പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യനിർമ്മാർജ്ജനസെൽ | |
| പ്രൊജക്ട് നമ്പർ, പേര് | 36, ആശ്രയ പ്രൊജക്ട് വിഹിതം | 34, ആശ്രയ പ്രൊജക്ട് വിഹിതം-എസ്.സി.പി |
| അടങ്കൽ | 100000 (വികസനഫണ്ട്-ജനറൽ) | 500000 ( എസ്.സി.പി ) |
| ചെലവ് | 100000 | 500000 |
| ബിൽ സാങ്ക്ഷൻ ഓർഡർ നമ്പർ തീയതി | 113 / 25.10.21 - 100000 | 112 / 25.10.21 - 500000 |
| ഓഡിറ്റ് എൻക്വയറി നമ്പർ തീയതി | 27 / 13.03.23 | |

നഗരസഭയിൽ അഗതിരഹിതകേരളം പദ്ധതിയിലുൾപ്പെടുത്തി ആകെ 37 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടുണ്ട് . ഒരു ഗുണഭോക്താവിന് 50000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യഗഡു കൈപ്പറ്റി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കണ്ടെത്തി.

| ക്രമ നം. | പേര് , അഡ്രസ്സ് | ആദ്യഗഡു അനുവദിച്ച തീയതി | അനുവദിച്ച തുക | അനുവദി ക്കാനുള്ള തുക |
|---|---|---|---|---|
| 1 | കല്യാണി, ആനച്ചിറൻമാറി ഹൗസ്, കുന്നത്താഴത്ത് , ഷൊർണ്ണൂർ | 23.12.19 | 25000 | 25000 |
| 2 | രാധ.എൻ.സി, നായാടിക്കുന്ന്, മഞ്ഞക്കാട് | 23.01.20 | 25000 | 25000 |
| 3 | ബാലകൃഷ്ണൻ, പാറക്കളം , കുളപ്പുള്ളി | ലഭ്യമായില്ല | 25000 | 25000 |

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാത്തതിന്റെ കാരണവും ഭവനപുനരുദ്ധാരണത്തിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മേൽ പരാമർശിച്ച ഗുണഭോക്താക്കളിൽ കല്യാണി, രാധ എന്നിവർക്ക് റിപ്പയർ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള സാമ്പത്തികബുദ്ധിമുട്ടുള്ളതിനാൽ രണ്ടാം ഗഡുവിനുള്ള അപേക്ഷ സമർപ്പിക്കാനായില്ല എന്നും ഒന്നാംഗഡു കൈപ്പറ്റിയ ശ്രീ ബാലകൃഷ്ണൻ മരണപ്പെട്ടതിനാൽ ടിയാളുടെ ഭാര്യയുടെ പേരിൽ രേഖകൾ ഹാജരാക്കുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടുണ്ട് എന്നും രേഖകൾ ഹാജരാക്കാൻ ടിയാരിക്ക് സാധ്യമാകാതിരുന്നതിനാൽ കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടിവിവരം അറിയിക്കേണ്ടതുമാണ്.

1-39 ആശ്രയയുടെ അക്കൗണ്ടിലെ ചെലവഴിക്കാത്ത തുകയുടെ വിനിയോഗം ഉറപ്പുവരുത്തേണ്ടതാണ്.

അഗതിരഹിതകേരളം (ആശ്രയ) പദ്ധതിയുടെ 38867955283 നമ്പർ അക്കൗണ്ടിൽ (എസ്.ബി.ഐ ഷൊർണ്ണൂർ ബ്രാഞ്ച്) 25.03.22 ന് 5576198 രൂപയും 28.02.23 ന് 5042312 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നതായി കണ്ടെത്തി . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനവിനിയോഗം സംബന്ധിച്ച ജി.ഒ.(പി) നം.119/2015/ധന.തീയ്യതി 21.03.2015 പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 8.3 ൽ ഓരോ മാസവും വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ് /ഡി.ഡി തുകകൾ ട്രഷറി ചെലാൻ മുഖാന്തിരം തിരിച്ചടയ്ക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ആശ്രയ I, II ഘട്ടങ്ങളിലെ പദ്ധതികളിലെ ബാലൻസ് തുക ട്രാൻസ്ഫർചെയ്താണ് പ്രസ്തുത അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് എന്നും ഇതിൽ ചാലഞ്ച് ഫണ്ടും പ്ലാൻഫണ്ടും ഉൾപ്പെടുന്നുണ്ടെന്നും നിലവിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പ്ലാൻഫണ്ടാണ് എന്നും ടി തുക അഗതിരഹിതകേരളം പദ്ധതി പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടിവിവരം അറിയിക്കേണ്ടതാണ്.

1-40 പി എം എ വൈ ഭവന പദ്ധതി - ചെലവ് സ്റ്റേറ്റ്മെന്റിൽ മുഴുവൻ ചെലവും ഉൾപ്പെട്ടിട്ടില്ല

സ്വന്തമായി വീടില്ലാത്ത അർഹരായ മുഴുവൻ കുടുംബങ്ങൾക്കും സ്വന്തമായി വീട് എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി രൂപീകരിച്ച പ്രൊജക്ട് ആണ് പി എം എ വൈ ഭവനപദ്ധതി. കേന്ദ്ര വിഹിതം 150000 രൂപ, സംസ്ഥാന വിഹിതം 50000 രൂപ, നഗരസഭാ വിഹിതം 200000 രൂപ എന്നിവ ചേർത്ത് ആകെ 400000 രൂപയാണ് ഒരു ഗുണഭോക്താവിന് നൽകുന്നത്. 2021-22 ലെ പി.എം. എ.വൈ ഭവനപദ്ധതികളിൽ നഗരസഭാ വിഹിതം മാത്രം ഉൾപ്പെടുത്തിയാണ് പ്രോജക്ടിനായി അംഗീകാരം ലഭ്യമാക്കിയിരിക്കുന്നത്. കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ, KURDFC ലോൺ തുക എന്നീയിനങ്ങളിൽ ലഭ്യമായ തുകകളും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ഇനങ്ങളിലെ ചെലവുൾപ്പെടുത്തി പ്രോജക്ട് ഭേദഗതി ചെയ്ത് അംഗീകാരം വാങ്ങിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ/ഫണ്ടിനം | ചെലവഴിച്ചത് |
|---|---|---|---|
| 1 | 45/22 പി എം എവൈ ഭവനപദ്ധതി (എസ് സി പി) | 2800000/ വികസന ഫണ്ട് എസ് സി പി | 2360000 |
| 2 | 133/22പി എം എവൈ ഭവനപദ്ധതി (ജനറൽ) | 4000000/ വികസനഫണ്ട് ജനറൽ | 4000000 |
| 3 | ആകെ | 6800000 | 6360000 |

പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളിൽ നിന്നും KURDF വായ്പാ, കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ എന്നിവയുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) KURDFC വായ്പ ഡി പി ആർ V

| ക്രമ നം. | തിയ്യതി | തുക |
|---|---|---|
| 1 | 09.11.21 | 370000 |
| 2 | 17.11.21 | 750000 |
| 3 | 20.11.21 | 120000 |
| 4 | 03.12.21 | 90000 |
| 5 | 15.12.21 | 290000 |
| 6 | 06.01.21 | 1130000 |
| 7 | 16.03.22 | 80000 |

2) KURDFC വായ്പ ഡി പി ആർ VI

| ക്രമ നം. | തിയ്യതി | തുക |
|---|---|---|
| 1 | 04.02.22 | 480000 |
| 2 | 05.02.22 | 480000 |
| 3 | 15.02.22 | 680000 |
| 4 | 21.02.22 | 1480000 |
| 5 | 04.03.22 | 400000 |
| 6 | 15.03.22 | 680000 |
| 7 | 18.03.22 | 200000 |
| 8 | 31.03.22 | 640000 |

3) കേന്ദ്ര-സംസ്ഥാന വിഹിതം

| ക്രമ നം. | തിയ്യതി | തുക |
|---|---|---|
| 1 | 09.09.21 | 480000 |
| 2 | 24.09.21 | 340000 |
| 3 | 07.10.21 | 690000 |
| 4 | 22.10.21 | 255000 |
| 5 | 26.10.21 | 490000 |

വിഷയത്തിൽ ഓഡിറ്റ് അന്വേഷണം(നം.35/15.03.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രൊജക്ടിന്റെ അടങ്കലിൽ എല്ലാ സ്രോതസ്സുകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-41 പി എം എ വൈ ഭവനനിർമ്മാണം - പണി പൂർത്തിയാക്കിയിട്ടില്ല

നഗരസഭയിലെ പി എം എ വൈ അർബൻ ഭവന പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1) 31.3.2022 തീയതി വരെ ആരംഭിച്ച DPR കളും അവയുടെ നിർമ്മാണ പുരോഗതിയും

| DPR നം | ആരംഭിച്ച വർഷം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | വകയിരുത്തിയ വിഹിതം (ലക്ഷത്തിൽ) | | | ലഭ്യമായ വിഹിതം (ലക്ഷത്തിൽ) | | | കരാർ ചമച്ച ഗുണഭോക്താക്കളുടെ എണ്ണം | ഒന്നാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | രണ്ടാം ഗഡു കൈപ്പറ്റിയ വരുടെ എണ്ണം | മൂന്നാം കൈപ്പറ്റിയ വരുടെ എണ്ണം | നാലാം ഗഡു കൈകപ്പറ്റിയ വരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശ വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | തദ്ദേശ വിഹിതം | | | | | |
| 1 | 21.03.17 | 64 | 96 | 32 | 128 | 86.7 | 28.9 | 122.4 | 64 | 64 | 62 | 59 | 57 |
| 2 | 27.09.17 | 269 | 403.5 | 134.5 | 538 | 386.85 | 128.95 | 510.8 | 269 | 269 | 269 | 245 | 206 |
| 3 | 30.10.17 | 80 | 120 | 40 | 160 | 119.36 | 39.79 | 149.6 | 80 | 80 | 75 | 72 | 62 |
| 4 | 07.02.18 | 110 | 165 | 55 | 220 | 160.65 | 53.55 | 212 | 110 | 110 | 107 | 103 | 85 |
| 5 | 25.02.19 | 298 | 447 | 149 | 596 | 349.8 | 116.6 | 558.4 | 298 | 298 | 282 | 267 | 199 |
| 6 | 16.08.21 | 415 | 622.5 | 207.5 | 830 | 111.6 | 37.2 | 372.4 | 321 | 321 | 251 | 54 | 0 |
| 7 | 22.03.22 | 151 | 226.5 | 75.5 | 302 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

ഭവന നിർമ്മാണം പൂർത്തീകരിക്കുവാനുള്ള ഗുണഭോക്താക്കളുടെ വിവരം

PMAY പദ്ധതിയിൽ ഭവന നിർമാണ ധനസഹായത്തിന് തെരഞ്ഞെടുക്കപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റുകയോ ഭവന നിർമാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഒരു ഗഡു മാത്രം കൈപ്പറ്റുകയും പണിപൂർത്തീകരിക്കാതെ അവശേഷിക്കുന്നവരുമായ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ

യൂണിറ്റ് തുക 400000/-

| ക്രമ നം. | ഘട്ടം | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | വാർഡ് നമ്പർ | കൈപ്പറ്റിയ തുക | ബാക്കി |
|---|---|---|---|---|---|
| 1 | DPR1 | ശോഭന വി.ടി, തൃക്കുന്നത്ത് | 17 | 30000 | 370000 |
| 2 | DPR1 | ഭാഗ്യലക്ഷ്മി, മുതലിയാർതെരുവ് | 23 | 30000 | 370000 |
| 3 | DPR2 | അനീഷ്, പറക്കുളം | 5 | 40000 | 360000 |
| 4 | DPR2 | സുബ്രമഹ്ണ്യൻ, പറക്കുളം | 5 | 40000 | 360000 |
| 5 | DPR2 | സുമ, ഇ, ഏലംകുളം കിഴക്കേതിൽ, വീട്, മേൽമുറി, ഷൊർണ്ണൂർ | 5 | 40000 | 360000 |
| 6 | DPR2 | സുലോചന, പനച്ചിക്കുന്നത്ത്, കാരക്കാട്, കവളപ്പാറ | 10 | 30000 | 370000 |
| 7 | DPR2 | നിർമല, മുണ്ടത്തുപറമ്പിൽ, ഗണേശഗിരി, ഷൊർണ്ണൂർ | 23 | 30000 | 370000 |
| 8 | DPR2 | വത്സല, മാമ്പുള്ളി, ഗണേശഗിരി | 23 | 40000 | 360000 |
| 9 | DPR2 | സരോജിനി, മേലേത്തൊടി മുണ്ടമുക | 24 | 30000 | 370000 |
| 10 | DPR2 | പ്രസീജ, പുളിക്കപ്പറമ്പിൽ | 27 | 40000 | 360000 |

| | | | | | |
|---|---|---|---|---|---|
| 11 | DPR2 | രാധ, മണ്ണത്താൻമാരിൽ പരുത്തിപ്ര | 27 | 30000 | 370000 |
| 12 | DPR2 | അനന്തമ്മ, താരങ്ങാട്ടിൽ, മഞ്ഞക്കാട്, ഷൊർണ്ണൂർ | 29 | 40000 | 360000 |
| 13 | DPR2 | ചെല്ലമ്മ, ഗണേശ് നിവാസ്, കുന്നത്താഴത്ത്, | 29 | 30000 | 370000 |
| 14 | DPR2 | ചന്ദ്രമതി, പറക്കുന്നത്ത്, മഞ്ഞക്കാട് ഷൊർണ്ണൂർ | 30 | 30000 | 370000 |
| 15 | DPR2 | രജനി, ലക്ഷ്മിനിവാസ്, ചോലക്കുളം, ഷൊർണ്ണൂർ | 30 | 30000 | 370000 |
| 16 | DPR3 | ദേവദാസൻ, ചെമ്പ്ര മണ്ണേങ്ങോട് കുളപ്പുള്ളി | 4 | 30000 | 370000 |
| 17 | DPR3 | ഗിരീഷ് കുമാർ, താഴത്തേതിൽ, കല്ലിപ്പാടം, ഷൊർണ്ണൂർ | 7 | 40000 | 360000 |
| 18 | DPR3 | നബീസ, കല്ലേകുന്നത്ത്, ഷൊർണ്ണൂർ | 18 | 30000 | 370000 |
| 19 | DPR3 | എ. മണികണ്ഠൻ, മുല്ലക്കൽ. ഷൊർണ്ണൂർ | 26 | 30000 | 370000 |
| 20 | DPR4 | പത്മവതി, വളയംതൊടി, ഷൊർണ്ണൂർ | 10 | 30000 | 370000 |
| 21 | DPR5 | ശാരദ, ചെമ്മംകുന്നത്ത്, കണയം, ഷൊർണ്ണൂർ | 2 | 40000 | 360000 |
| 22 | DPR5 | സന്ധ്യ, ചെമ്മംകുന്നത്ത്, കണയം, ഷൊർണ്ണൂർ | 2 | 40000 | 360000 |
| 23 | DPR5 | രാമൻകുട്ടി, ഏലംകുളം കിഴക്കേതിൽ, ഗവ:പ്രസ്സ്, കുളപ്പുള്ളി. ഷൊർണ്ണൂർ | 5 | 40000 | 360000 |
| 24 | DPR5 | വസന്ത, പി,വി, കുളപ്രക്കുന്നത്ത്,ഷൊർണ്ണൂർ | 5 | 40000 | 360000 |
| 25 | DPR5 | കല്യാണി, കള്ളിയത്ത് വീട്, കല്ലിപ്പാടം, ഷൊർണ്ണൂർ | 6 | 40000 | 360000 |
| 26 | DPR5 | ശ്രീവിദ്യ, മൂലത്താംകോട്ടിൽ കല്ലിപ്പാടം | 6 | 40000 | 360000 |
| 27 | DPR5 | സുനിത ലക്ഷ്മി, തട്ടേംതൊടി പടിഞ്ഞാറേതിൽ, കല്ലിപ്പാടം, ഷൊർണ്ണൂർ | 6 | 40000 | 360000 |
| 28 | DPR5 | തങ്കമണി, കൊട്ടിലിങ്ങൽ, കല്ലിപ്പാടംൻ | 6 | 40000 | 360000 |
| 29 | DPR5 | ചാമി, കുണ്ടിൽ, കറുവക്കാട്ടു പറമ്പിൽ, കല്ലിപ്പാടം, ഷൊർണ്ണൂർ | 7 | 40000 | 360000 |
| 30 | DPR5 | ദേവകി, മണ്ണമ്പറ്റത്തോപ്പിൽ, കല്ലിപ്പാടം, ഷൊർണ്ണൂർ | 7 | 40000 | 360000 |
| 31 | DPR5 | സോജൻ, നെച്ചിക്കോട്ടു പറമ്പിൽ കഴളപ്പാറ | 7 | 40000 | 360000 |
| 32 | DPR5 | റൈഹാനത്ത്, പുത്തൻവീട്ടിൽ, നമ്പ്രം, കാരക്കാട്, ഷൊർണ്ണൂർ | 11 | 40000 | 360000 |
| 33 | DPR5 | ലക്ഷ്മിക്കുട്ടിയമ്മ, പി.കെ, കുണ്ടുകാട്ടിൽ, ചുഡുവാലത്തൂർ, ഷൊർണ്ണൂർ | 16 | 40000 | 360000 |
| 34 | DPR5 | ഹനീഫ, വടക്കേതിൽ പരുത്തിപ്ര | 25 | 40000 | 360000 |
| 35 | DPR5 | രാധാമണി, വട്ടുവൻമാരിൽ പരുത്തിപ്ര, ഷൊർണ്ണൂർ | 28 | 40000 | 360000 |
| 36 | DPR5 | സരസ്വതി, പാണ്ടിയത്ത്, പണ്ടാരവളപ്പിൽ, ഷൊർണ്ണൂർ | 28 | 40000 | 360000 |
| 37 | DPR5 | രാമകൃഷ്ണൻ, പതിയത്ത് പറമ്പിൽ കുളപ്പുള്ളി, ഷൊർണ്ണൂർ | 32 | 40000 | 360000 |
| 38 | DPR5 | രവീന്ദ്രൻ, പാലക്കൽ, കുളപ്പുള്ളി, ഷൊർണ്ണൂർ | 32 | 40000 | 360000 |

രണ്ട് ഗഡു മാത്രം കൈപ്പറ്റുകയും പണിപൂർത്തീകരിക്കാതെ അവശേഷിക്കുന്നവരുമായ ഗുണ ഭോക്താക്കളുടെ വിശദാംശങ്ങൾ

| ക്രമ നം. | ഘട്ടം | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | ഡിവിഷൻ നം | കൈപ്പറ്റിയ ആകെ തുക I &II ഗഡു | ബാക്കി |
|---|---|---|---|---|---|
| 1 | DPR1 | സവിത, മങ്ങാട്ടുതൊടി കാരക്കാട്, ഷൊർണൂർ | 11 | 150000 | 250000 |
| 2 | DPR1 | ഗീതബാബു, കന്നിച്ചംകടത്തൊടി, ഷൊർണൂർ | 17 | 150000 | 250000 |
| 3 | DPR1 | ഷീജ, എടത്തൊടി, ഗണേശഗിരി, ഷൊർണൂർ | 22 | 150000 | 250000 |
| 4 | DPR2 | സരോജിനി, മൈക്കാരപ്പറമ്പിൽ, ഷൊർണൂർ | 2 | 150000 | 250000 |
| 5 | DPR2 | പത്മാവതി, W/Oരാമൻ, ചക്കത്തുണ്ടു പറമ്പിൽ, മേൽമുറി, ഷൊർണൂർ | 5 | 150000 | 250000 |
| 6 | DPR5 | പരാജിത, ചേരംകോണംകുന്നത്ത്, കല്ലിപ്പാടം. ഷൊർണൂർ | 6 | 200000 | 200000 |
| 7 | DPR2 | സജിത മൂവക്കര, കല്ലിപ്പാടം, ഷൊർണൂർ | 7 | 150000 | 250000 |
| 8 | DPR2 | പ്രിൻസി, ചാന്താൻതൊടി കവളപ്പാറ, ഷൊർണൂർ | 10 | 150000 | 250000 |
| 9 | DPR2 | രാധാഭായ്, കാഞ്ഞിരപ്പറമ്പിൽ, കാരക്കാട്, ഷൊർണൂർ | 10 | 200000 | 200000 |
| 10 | DPR2 | സരോജിനി, പൂപ്പറ്റ, കാരക്കാട്, കവളപ്പാറ, ഷൊർണൂർ | 10 | 150000 | 250000 |
| 11 | DPR2 | സരിത, താളിതൊടി, കാരക്കാട്, കവളപ്പാറ, ഷൊർണൂർ | 11 | 150000 | 250000 |
| 12 | DPR2 | അമ്മു, ചിന്നരാമൻ, ഞാളിൽപറമ്പിൽ ചുഡുവാലത്തൂർ, ഷൊർണൂർ | 13 | 200000 | 200000 |
| 13 | DPR2 | സുഹറ,കാരയിൽ മനക്കാട്ട്, ഗണേശഗിരി, ഷൊർണൂർ | 22 | 150000 | 250000 |
| 14 | DPR2 | പത്മിനി, പാണഞ്ചീരി, പരുത്തിപ്ര, ഷൊർണൂർ | 27 | 150000 | 250000 |
| 15 | DPR2 | നളിനി, തച്ചൂത്ത്, മഞ്ഞക്കാട്, ഷൊർണൂർ | 29 | 150000 | 250000 |
| 16 | DPR3 | രമാദേവി, കൊടേങ്കിൽ, കാരക്കാട് ഷൊർണൂർ | 8 | 150000 | 250000 |
| 17 | DPR3 | സരസ്വതി, കരുമത്ത്പാറ, കാരക്കാട്, ഷൊർണൂർ | 10 | 200000 | 200000 |
| 18 | DPR3 | ബേബി, വടക്കേവരി, മുതലിയാർ സ്ട്രീറ്റ്, ഷൊർണൂർ | 19 | 150000 | 250000 |
| 19 | DPR3 | സുധാസുബ്രഹ്മണ്യൻ, മണ്ണത്താന്മാരിൽ, പരുത്തിപ്ര, ഷൊർണൂർ | 28 | 150000 | 250000 |
| 20 | DPR3 | വേണുഗോപാലൻ, പുൽക്കുന്നിമഠത്തിൽ വീട്, ഷൊർണൂർ | 3 | 150000 | 250000 |
| 21 | DPR4 | ദിവ്യ ആർ. നായർ, പുൽക്കുന്നിമഠത്തിൽ, ഷൊർണൂർ | 3 | 150000 | 250000 |

| | | | | | |
|---|---|---|---|---|---|
| 22 | DPR3 | സതി, കടമ്പാട്ട് മുണ്ടമുക, ഷൊർണ്ണൂർ | 24 | 150000 | 250000 |
| 23 | DPR4 | അനിത പ്രശാന്ത്കുമാർ, ചോലക്കപ്പറമ്പിൽ, ഷൊർണ്ണൂർ | 28 | 150000 | 250000 |
| 24 | DPR4 | തങ്കം, പണ്ടാരവളപ്പിൽ, പരുത്തിപ്ര, ഷൊർണ്ണൂർ | 28 | 150000 | 250000 |
| 25 | DPR4 | ഗ്രീഷ്മ, മുളയാണിപ്പറമ്പിൽ, കുളപ്പുള്ളി, ഷൊർണ്ണൂർ | 33 | 150000 | 250000 |
| 26 | DPR5 | സജ്ന, ചെമ്മംകുന്ന്, കണയം, ഷൊർണ്ണൂർ | 2 | 200000 | 200000 |
| 27 | DPR5 | ഷമീറ, പുത്തൻവീട്ടിൽ. കണയം, ഷൊർണ്ണൂർ | 2 | 200000 | 200000 |
| 28 | DPR5 | സ്മിത, കുളപ്പുറത്ത്, ഗവ: പ്രസ്സ്, കുളപ്പുള്ളി, ഷൊർണ്ണൂർ | 5 | 200000 | 200000 |
| 29 | DPR5 | ബേബി, വലിയപറമ്പിൽ, കല്ലിപ്പാടം, ഷൊർണ്ണൂർ | 6 | 200000 | 200000 |
| 30 | DPR5 | ശോഭന, ചീരത്തു പറമ്പിൽ, കല്ലിപ്പാടം, ഷൊർണ്ണൂർ | 8 | 200000 | 200000 |
| 31 | DPR5 | ചിന്ന, കുന്നത്ത്, കാരക്കാട്, കവളപ്പാറ, ഷൊർണ്ണൂർ | 9 | 200000 | 200000 |
| 32 | DPR5 | സുരേഷ് ബാബു, കുന്നത്ത്, കാരക്കാട്, കവളപ്പാറ, ഷൊർണ്ണൂർ | 10 | 200000 | 200000 |
| 33 | DPR5 | ശാന്തകുമാരി, വാഴക്കാട്, കല്ലിപ്പാടം, ഷൊർണ്ണൂർ | 11 | 200000 | 200000 |
| 34 | DPR5 | രജിത, പാറേത്തൊടി, കല്ലിപ്പാടം, ഷൊർണ്ണൂർ | 14 | 200000 | 200000 |
| 35 | DPR5 | അമ്മുക്കുട്ടി, കണ്ണൻ പറമ്പിൽ താഴത്ത് വീട്, ചുഡുവാലത്തൂർ | 16 | 200000 | 200000 |
| 36 | DPR5 | മിസ്രിയ, വേങ്ങാട്ട് വീട്, മഞ്ഞക്കാട്, ഷൊർണ്ണൂർ | 16 | 200000 | 200000 |
| 37 | DPR5 | ദേവയാനി, റയിൽവേ ഗണേശഗിരി ക്വാർട്ടേഴ്സ്, ഷൊർണ്ണൂർ | 25 | 200000 | 200000 |
| 38 | DPR5 | ജ്യോതി, പരിയത്തട ത്തിൽ, കുന്നത്താഴത്ത്, ഷൊർണ്ണൂർ | 28 | 200000 | 200000 |
| 39 | DPR5 | രേണുക, കച്ചേരി പ്പറമ്പിൽ, കുളപ്പുള്ളി | 32 | 200000 | 200000 |

മേൽപ്പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ, അല്ലാത്തപക്ഷം കരാർ വ്യവസ്ഥ പ്രകാരം തുക തിരികെ ഈടാക്കിയതിന്റെ വിവരം എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം (34/15.03.23) നൽകിയതിന് ഗുണഭോക്താക്കളുടെ യോഗം നഗരസഭ ചെയർമാന്റെ സാന്നിധ്യത്തിൽ കൂടുകയും അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകുകയും അല്ലാത്തപക്ഷം പലിശ സഹിതം തുക തിരികെ ഈടാക്കുന്നതാണെന്ന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. കൂടാതെ നിർമ്മാണ പ്രവൃത്തി തുടങ്ങുവാൻ സാധിക്കാതെ പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിന് രേഖാമൂലം ആവശ്യപ്പെട്ടതനുസരിച്ച് പട്ടിക I –ലെ ക്രമ നം. 6, 9, 16, 18, 20, 29, 33, 38 എന്നിവരെ നഗരസഭാ കൗൺസിലിന്റെ 17.10.22–ലെ 27–ാം നമ്പർ തീരുമാനപ്രകാരം ഒഴിവാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണം തുടരാത്തവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

1–42 എൻ .യു.എൽ. എം പദ്ധതി അവലോകനം

നഗരങ്ങളിലെ പാവപ്പെട്ടവരുടെ ദാരിദ്ര്യവും കഷ്ടപ്പാടും ലഘൂകരിക്കുന്നതിന് ഉണ്ടായിരുന്ന പദ്ധതിയായ സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജനയ്ക്ക് (എസ്.ജെ.എസ്.ആർ.വൈ) പകരം കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിയ നൂതന പദ്ധതിയാണ്

ദീൻ ദയാൽ അന്ത്യോദയ യോജന- ദേശീയ നഗര ഉപജീവന മിഷൻ (ഡി.എ.വൈ-എൻ.യു.എൽ.എം). ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തന ങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന കുടുംബശ്രീ മിഷനാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലയുള്ള നോഡൽ ഏജൻസി. 2015 മെയ് മാസത്തിൽ ആദ്യ ഘട്ടമെന്ന നിലയിൽ കേരളത്തിലെ 14 നഗരങ്ങളിലും തുടർന്ന് 2016 നവംബർ 1 മുതൽ മുഴുവൻ നഗര പ്രദേശങ്ങളിലും പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. നഗര ദാരിദ്ര്യത്തിന്റെ 3 പ്രധാന മാനങ്ങൾ മിഷൻ മാർഗ്ഗരേഖ പ്രകാരം അടിസ്ഥാന സൗകര്യം, സാമൂഹിക ദുർബലതകൾ, തൊഴിൽ പരമായ ദുർബലതകൾ എന്നിവയാണ്. ഇവ ലഘൂകരിക്കുന്നതിന് മിഷൻ വിഭാവനം ചെയ്യുന്നത് പ്രധാനമായും 7 ഘടകങ്ങളിലൂടെയാണ്. അവ താഴെ നല്കുന്നു.

(1) സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും

(2) കാര്യശേഷി വികസനവും പരിശീലനവും

(3) നൈപുണ്യ പരിശീലനവും തൊഴിലവസരങ്ങൾ ഉറപ്പിക്കലും

(4) സ്വയം തൊഴിൽ പദ്ധതി

(5) നഗരങ്ങളിലെ തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതികൾ

(6) നഗരങ്ങളിൽ ഭവനരഹിതർക്കുള്ള അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കൽ

(7) നൂതന ആശയ-സവിശേഷ പദ്ധതികൾ

ദീൻ ദയാൽ അന്ത്യോദയ യോജന- ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നഗരസഭയിൽ ഒരു സിറ്റി മിഷൻ മാനേജരും, ഒരു മൾട്ടി ടാസ്ക് പേർസണും ഒരു കമ്മ്യൂണിറ്റി ഓർഗനൈസറും നിലവിലുണ്ട്. ഷൊർണ്ണൂർ നഗരസഭയിൽ എൻ എൽ യു എം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

1. സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും

2021-22 സാമ്പത്തിക വർഷത്തിൽ പുതിയതായി 4 അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും ആകെ അയൽക്കൂട്ടങ്ങൾ 431 ആയി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. 12 അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് ലഭിക്കുകയും 66 അയൽക്കൂട്ടങ്ങൾക്ക് 56970000രൂ ലിങ്കേജ് ലോൺ ബാങ്ക് മുഖേന ലഭ്യമാവുകയും ചെയ്തിട്ടുണ്ട്.

2. സ്വയം തൊഴിൽ പദ്ധതി

2021-22 സാമ്പത്തിക വർഷത്തിൽ സ്വയം തൊഴിൽ പദ്ധതിയുടെ കീഴിൽ ഒരു വ്യക്തി സംരഭവും ഒരു ഗ്രൂപ്പ് സംരംഭവും ആരംഭിച്ചിരിക്കുന്നു.

3. നൈപുണ്യ പരിശീലനവും നിയമനവും

2021-22-ൽ Automotive Service Technician, Accounts Executive, Panchakarma Technician എന്നീ കോഴ്സുകളിലേക്ക് 3 പേരെ പരിശീലനത്തിന് അയക്കുകയും കോഴ്സ് വിജയകരമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇവരിൽ ഒരാൾക്ക് ജോലിയും ലഭിച്ചിട്ടുണ്ട്. നൈപുണ്യ പരിശീലനാർത്ഥികൾക്കുള്ള യാത്രാബത്ത ഇനത്തിൽ 2021-22-ൽ 79689 രൂപ ലഭിച്ചിട്ടുള്ളതും ചെലവഴിച്ചിട്ടുള്ളതാണ്.

4. നഗരത്തിലെ തെരുവ് കച്ചവടക്കാർക്കുള്ള സഹായപദ്ധതി

31.03.2021-വരെ 97 തെരുവ്കച്ചവടക്കാർക്ക് ഐ ഡി കാർഡ് വിതരണം ചെയ്തിട്ടുണ്ട്. പി എം സ്വാനിധി ലോൺ സ്കീമിനു കീഴിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒന്നാംഘട്ട ലോൺ തുക 10000 രൂപ വീതം 10 പേർക്കും രണ്ടാംഘട്ട ലോൺ തുക 20000 രൂപ വീതം 4 പേർക്കും ബാങ്ക് അനുവദിച്ചു നൽകിയിരിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ ടൗൺ വെന്റിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഒരു സബ് കമ്മിറ്റി രൂപീകരിച്ച് റീസർവെ നടത്തിയിട്ടുള്ളതാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഐ ഡി കാർഡും വെന്റിംഗ് സർട്ടിഫിക്കറ്റും നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5. നഗരത്തിലെ ഭവനരഹിതർക്കുള്ള പാർപ്പിട പദ്ധതി

2021-22 സാമ്പത്തികവർഷം അശരണർക്കായുള്ള അഭയകേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

1-43 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - അവലോകനം

നഗരങ്ങളിലെ ദാരിദ്ര്യ ലഘൂകരണപ്രക്രിയയിൽ നിർണ്ണായക പങ്കുവഹിക്കുന്ന ഒരു പദ്ധതിയാണ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി. അവിദഗ്ധ കായികതൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഒരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തികവർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിതസുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയുടെ ലക്ഷ്യം. അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിക്കായി 2021-22 സാമ്പത്തികവർഷത്തിൽ 429689 തൊഴിൽദിനങ്ങൾ അടങ്ങുന്ന 199322970 രൂപയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട് . ആയതിന് 27.02.2021-ലെ 17-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതു പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെയും ചെലവിന്റെയും വിശദാംശങ്ങളും തൊഴിൽ നൽകിയത് സംബന്ധിച്ച വിവരങ്ങളും താഴെചേർക്കുന്നു.

നടപ്പിലാക്കിയ പ്രവൃത്തികൾ

| ക്രമ നം. | പദ്ധതികളുടെ വിവരം | ചെലവഴിച്ച തുക |
|---|---|---|
| 1 | സ്വകാര്യ ഭൂമിയിലെ ഇടപെടലുകൾ, കമ്പോസ്റ്റുകുഴി നിർമ്മാണം പ്രവർത്തികൾ | 4621591 |
| 2 | മഴക്കാലപൂർവ്വ ശുചീകരണം, അരികുചാൽ നവീകരണം പ്രവർത്തികൾ | 8996254 |
| 3 | ക്ഷീരകർഷകർ | 166743 |
| 4 | മാലിന്യശേഖരണവും സംസ്കരണവും | 238329 |
| 5 | കുളം, തോട്, കനാൽ -നവീകരണം | 1825813 |
| 6 | പി.എം.എ.വൈ. ധനസഹായം | 584818 |

തൊഴിൽ നൽകിയതിന്റെ വിവരം

| | | |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2226 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2226 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 741 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 199322970 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 243 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 243 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 26 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 22846886 |
| 9 | തൻവർഷത്തെ ചെലവ് | 20759297 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 532 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 532 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 240 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 06.03.2023 മുതൽ 15.03.2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | ബിൽ നം. /PFMS നം | മുൻകൂർ നൽകിയ | വിനിയോഗ സാക്ഷ്യപത്ര | ബാക്കി |
|---|---|---|---|---|

| | | തുക (രൂപ) | പ്രകാരം ചെലവ് (രൂപ) | |
|---|---|---|---|---|
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് | | | | |
| 141/22 കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പ്രവൃത്തി (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | C112150258188/06.12.21 ഷൊർണ്ണൂർ,ഇലക്ട്രിക്കൽ സെക്ഷൻ | 370367 | 323147 | 47220 |
| | C012219472769/19.01.22 ഓങ്ങല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ | 162132 | 162132 | 0 |
| | C122140406626/27.12.21 ഷൊർണ്ണൂർ,ഇലക്ട്രിക്കൽ സെക്ഷൻ | 241184 | 241184 | 0 |
| | C022244364211/28.02.22 ഷൊർണ്ണൂർ,ഇലക്ട്രിക്കൽ സെക്ഷൻ | 183715 | 183715 | 0 |
| | 381/24.03.22 ഷൊർണ്ണൂർ,ഇലക്ട്രിക്കൽ സെക്ഷൻ | 424288 | 424288 | 0 |
| | ആകെ | 1381686 | 1334466 | 47220 |
| കേരള വാട്ടർ അതോറിറ്റി പി.എച്ച് ഡിവിഷൻ ഷൊർണ്ണൂർ | | | | |
| 157/22 വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 22/30.11.21 | 470000 | 0 | 470000 |
| | 28/18.12.21 | 150000 | 139721 | 10279 |
| | 31/21.12.21 | 1317000 | 1165626 | 151374 |
| | 43/04.02.22 | 140000 | 127489 | 12511 |
| | 50/11.02.22 | 3176824 | 531075 | 2645749 |
| | ആകെ | 5253824 | 1963911 | 3289913 |
| 276/22 വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | C022234019842/15.02.22 | 341176 | 0 | 341176 |
| | C022250697785/03.03.22 | 500000 | 465034 | 34966 |
| | ആകെ | 841176 | 465034 | 376142 |
| 143/22 സാമൂഹിക ആരോഗ്യ കേന്ദ്രം കുടിവെള്ളം എത്തിക്കൽ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 15/08.11.2021 | 820000 | 0 | 820000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| പി എം എ വൈ ഭവനനിർമ്മാണം KURDFC-ലോൺ | ലഭ്യമല്ല | 64693333 | 34000000 | | 7853333 | - | 90840000 |
| സംസ്ഥാന സർക്കാരിന്റെ വായ്പ | ലഭ്യമല്ല | ലഭ്യമല്ല | 29700 | | | | 29700 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99, 99-00 | മറ്റു പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | 2003-04 | ഖ.6.13 ന ശേഷമുള്ള പട്ടിക | 2003-04 ഖ. 6.13<br>ഷൊർണ്ണൂർ നഗരസഭ<br>മറ്റു പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ<br>1. 98-99- ഖ. 32 -സർക്കാർ മാനദണ്ഡവിരുദ്ധമായി തുക ചെലവഴിച്ചു -87175 രൂപ<br>2. 98-99- ഖ. 33 -അനധികൃതമായി മുൻകൂർ അനുവദിച്ചത് -1081990 രൂപ<br>3. 98-99- ഖ. 34 -അംഗീകാരമില്ലാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക-15000 രൂപ<br>4. 98-99- ഖ. 35 -അനധികൃതമായി അനുവദിച്ച പദ്ധതി തുക- 375000 രൂപ<br>5. 98-99- ഖ. 36എ -മരാമത്തു പണികളിൽ അധികം നൽകിയത്-10137 രൂപ<br>6. 99-00- ഖ. 42 - പട്ടികജാതിക്കാർക്ക് നെൽപ്പാടം വാങ്ങൽ പദ്ധതിയിൽ അനധികൃതമായി തുക അനുവദിച്ചത്-124250 രൂപ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 54690040.53 |
| ഓഡിറ്റ് വർഷത്തെ വരവ് | 276914108 |
| ആകെ | 331604148.53 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 260847424 |
| നീക്കിയിരിപ്പ് | 70756724.53 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 426501/- |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഇല്ല

(സി). ഭാഗം 1 പ്രകാരം നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 17759/- | ആഷിഫ് എം.എ അസി.എഞ്ചിനീയർ |
| 1-28 | 27800/- | ആഷിഫ് എം.എ അസി.എഞ്ചിനീയർ |

ഡി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 426501 | വിസ്മൽ ഇ.പി, ഹെൽത്ത് സൂപ്പർവൈസർ |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.പ്രമോദ്, സെക്രട്ടറി | ഡൊമെയ്ൻ ടീം, IKM,തിരുവനന്തപുരം | ശ്രേയസ്സ്, പുതുശ്ശേരി, ചെറുതുരുത്തി, തൃശ്ശൂർ,ജില്ല |
| ആഷിഫ് എം.എ അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, LSGD സബ്ഡിവിഷൻ, ചേർപ്പ് ബ്ലോക്ക്,തൃശ്ശൂർ ജില്ല | മുടൻകാട്ടിൽ വീട്,വെള്ളാങ്കല്ലൂർ പി.ഒ,തൃശ്ശൂർ ജില്ല-680662 |
| വിസ്മൽ ഇ.പി, ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ, ഒറ്റപ്പാലം നഗരസഭ | എട്ടിക്കൽ വീട്,പേഴുംകര, പാലക്കാട്-678006 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LF.P22/2197/12/6.3.2013 | 6 |
| 1997-98 | LF.P22/2199/12/6.3.2013 | 34 |
| 1998-99 | LF.P22/1186(1)/13/21.1.2015 | 6 |
| 1999-2000 | LF.P8/219/12/2.6.2012 | 19 |
| 2000-01 | LF.P22/1186(1)/13/21.1.2015 | 26 |
| 2001-02 | LF.P8/221/12/21.3.2012 | 12 |
| 2002-03 | LF.P8/222/12/29.3.2012 | 13 |
| 2003-04 | LF.P8/223/12/6.2.2012 | 30 |
| 2004-05 | LF.P8/224/12/15.5.2012 | 23 |
| 2005-06 | LF.P22/1242/13/15.5.2012 | 11 |
| 2006-07 | LF.P22/1980/13/6.8.2014 | 11 |
| 2007-08 To 2010-11 | L.P22/765/13/5.12.2014 | 42 |
| 2011-12 | LF.P22/1334/15/7.11.2015 | 25 |
| 2012-13 | KSA-PKD22/680/2020,22.6.2020 | 40 |
| 2013-14 & 2014-15 | KSA-PKD22-1164/16/23.10.2020 | 49 |
| 2015-16 | KSA-PKD22-156/17/6.8.18 | 38 |
| 2016-17 | KSA-PKD22/2009/17/,31.7.2018 | 36 |
| 2017-18 | KSA-PKD22/167/19/30.9.2020 | 30 |
| 2018-19 | KSA-PKD22/451/2021 | 67 |
| 2019-20 | KSA-PKD22/ 1644/22dt.25/07/2022 | 30 |
| 2020-21 | KSA-PKD22/1659/22 Dt.30/07/2022 | 31 |

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക കണക്കുകൾ- സംക്ഷിപ്തം

Shornur Municipality

INCOME & EXPENDITURE STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 30516363.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 5200000.00 |
| 140000000 | Fee & User Charges | I-4(b) | 5099834.00 |
| 150000000 | Sale & Hire Charges | I-5(b) | 157758.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 264848619.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 273519.00 |
| 180000000 | Other Income | I-9 | 575869.00 |
| | Total Income | | 306671962.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 66515367.00 |
| 220000000 | Administrative Expenses | I-11(b) | 5504537.00 |
| 230000000 | Operations & Maintenance | I-12(b) | 12024484.00 |
| 240000000 | Interest & Finance Charges | I-13 | 16846.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 149554507.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 19711020.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 23859967.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 5313098.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 341762.00 |
| 270000000 | Provisions and Write off | I-16 | 255969.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 7001.00 |
| 272000000 | Depreciation | I-17(a) | 18099875.00 |
| | Total Expenditure | | 301204433.00 |
| | Gross Surplus / Deficit of income over Expenditure | | 5467529.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 11297590.00 |
| | Net difference (Prior period Income - Prior period Expenditure) | | -5830061.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

RECEIPT &PAYMENTSTATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 54225419.53 |
| Cash | Cash | RP-40(a) | 464621.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 6982953.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 0.0 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 4034753.00 |
| 150000000 | Sale & Hire Charges | RP-5 | 157758.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 120235953.00 |
| 170000000 | Income from Investments | RP-7 | 0.0 |
| 171000000 | Interest Earned | RP-8 | 1446906.00 |
| 180000000 | Other Income | RP-9 | 512835.00 |
| 310000000 | Panchayat Fund | RP-21 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-37 | 34548489.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 22000000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 34123101.00 |
| 330000000 | Secured Loans | RP-25 | 34000000.00 |
| 340000000 | Deposits Received | RP-27 | 354966.00 |
| 350000000 | Other Liabilities | RP-29 | 17254437.00 |
| 460000000 | Loans, Advances and Deposits | RP-41 | 1261957.00 |
| | Grand total | | 331604148.53 |
| | PAYMENTS | | |

| | | | |
|---|---|---|---|
| | Operating | | |
| 210000000 | Establishment Expenses | RP-10 | 12455582.00 |
| 220000000 | Administrative Expenses | RP-11 | 2334076.00 |
| 230000000 | Operations & Maintenance | RP-12 | 9342315.00 |
| 240000000 | Interest & Finance Charges | RP-13 | 16846.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 61660037.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 21442210.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1000000.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 22938683.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 5360705.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 225000.00 |
| 350000000 | Other Liabilities | RP-29 | 29398716.00 |
| 430000000 | Stock-in-hand | RP-36 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-37 | 3964324.00 |
| | Non Operating | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-19 | -2045680.00 |
| 311000000 | Earmarked Funds | RP-22 | 8345630.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 18765510.00 |
| 340000000 | Deposits Received | RP-27 | 356856.00 |
| 350000000 | Other Liabilities | RP-29 | 34135380.00 |
| 410000000 | Fixed Assets | RP-31 | 17832913.00 |
| 412000000 | Capital work in Progress | RP-33 | 8130857.00 |
| 460000000 | Loans, Advances and Deposits | RP-41 | 5187464.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 69445010.53 |
| Cash | Cash | RP-40(b) | 1311714.00 |
| | Grand Total | | 331604148.53 |

| | | | |
|---|---|---|---|
| | Shornur Municipality BALANCE SHEET | | |
| | For the period As on 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -7560244.55 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 4318087.00 |
| 312000000 | Reserves | B-3 | 164240460.00 |
| | Total Reserve & Surplus | | 160998302.45 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 38436281.00 |
| | Total Grants, Contributions for Specific Purposes | | 38436281.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 90840000.00 |
| 331000000 | Unsecured Loans | B-6 | 29950.00 |
| | Total Loans | | 90869950.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 15635756.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 43507223.20 |
| | Total Current Liabilities and Provisions | | 59142979.20 |
| | TOTAL LIABILITIES | | 349447512.65 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 261408777.42 |
| 411000000 | Accumulated Depreciation | B-11 | -80164985.00 |
| 412000000 | Capital Work in Progress | B-11 | 21754191.00 |
| | Total Fixed Assets | | 202997983.42 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 392353.00 |
| 431000000 | Sundry Debtors (Receivables) | B-15 | 53321786.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -1364695.30 |
| 450000000 | Cash and Bank Balance | B-17 | 70756724.53 |
| 460000000 | Loans, Advances and Deposits | B-18 | 23343361.00 |
| | Total Current Assets, Loans and Advances | | 146449529.23 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 349447512.65 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ